

**ബിഷപ്പ് ഹോഡ്ജസ്**
**ഹയർ സെക്കണ്ടറി സ്കൂൾ**
**മാവേലിക്കര**

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025



ബിഷപ്പ് ഹോഡ്ജസ്
ഹയർ സെക്കണ്ടറി സ്കൂൾ
മാവേലിക്കര




# അക്കാദമിക മാസ്റ്റർ പ്ലാൻ 2025





അക്കാദമിക
മാസ്റ്റർ പ്ലാൻ
2025

# ഉള്ളടക്കം


1. ഹെഡ്മാസ്റ്ററുടെ കത്ത്

2. ആമുഖം

3. സ്കൂൾ അടിസ്ഥാന വിവരങ്ങൾ

4. സ്കൂൾ ചരിത്രം

5. അധ്യാപകർ, അനധ്യാപകർ

6. അക്കാദമിക മാസ്റ്റർ പ്ലാൻ

   ക്ലാസ്തല മാസ്റ്റർ പ്ലാൻ

   വ്യക്തിതല മാസ്റ്റർ പ്ലാൻ

7. മാറുന്ന പഠനസമീപനം

8. പഠനാന്തരീക്ഷം

9. 2025 സമഗ്ര ഗുണമേന്മ വർഷം

10. അവസ്ഥാ പഠനം

11. ക്ലബ്ബുകൾ, സംഘടനകൾ

12. പൊതുപദ്ധതികൾ ,പ്രവർത്തനങ്ങൾ

13. വിഷയബന്ധിത പദ്ധതികൾ, പ്രവർത്തനങ്ങൾ

14. നന്ദി



## പ്രഥമാധ്യാപകനിൽ നിന്ന്...

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി അക്കാദമിക മുന്നേറ്റം ലക്ഷ്യം വെച്ച് നമ്മുടെ സ്കൂളിന്റെ 2025-26 അദ്ധ്യയനവർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി അവതരിപ്പിക്കുന്നതിൽ സന്തോഷമുണ്ട്. കുട്ടികളുടെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലെ കഴിവുകളും പരിമിതികളും മനസ്സിലാക്കി വ്യക്തിഗത മാസ്റ്റർ പ്ലാനും , വിഷയാടിസ്ഥാനത്തിലുള്ള ക്ലാസ് തല മാസ്റ്റർ പ്ലാനും , അക്കാദമിക ഭൗതിക സാമൂഹികസാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ സ്കൂൾതല മാസ്റ്റർ പ്ലാനും ഇതിലുൾപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. സ്കൂളിന്റെയും കുട്ടികളുടെയും സമഗ്ര വികസനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. കുട്ടികൾ അതാതു ക്ലാസുകളിൽ നേടേണ്ട ശേഷികൾ കൈവരിക്കുന്നതോടൊപ്പം മൂല്യബോധവും പാരബോധവും ഉള്ള തലമുറയെ സൃഷ്ടിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ് . അതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ശ്രമിക്കുന്നു. അതിനായി ജനപ്രതിനിധികൾ , പി ടി എ, സ്കൂൾമാനേജ്മെന്റ്, സന്നദ്ധ സംഘടനകൾ, എസ് എസ് കെ , എന്നിവരുടെ പിന്തുണയും പ്രോത്സാഹനവും ആവശ്യമാണ്. ഏവരുടെയും സഹകരണത്തോടെ ഇതിന്റെ ലക്ഷ്യങ്ങൾ നേടുവാൻ സാധിക്കട്ടെ എന്നാശംസിക്കുന്നതോടൊപ്പം അക്കാദമികമാസ്റ്റർപ്ലാൻ തയ്യാറാക്കുവാൻ നേതൃത്വം നല്കിയ സീനിയർ അസിസ്റ്റന്റ് ശ്രീ ഐസക് ഡാനിയേൽ , എസ് ആർ ജി കൺവീനർമാർ, വിവിധ ക്ലബുകൾ, യൂണിറ്റുകൾ എന്നിവയുടെ ചുമതലക്കാർ തുടങ്ങി എല്ലാവരോടുമുള്ള നന്ദിയും അഭിനന്ദനവും അറിയിക്കുന്നു.

**ജേക്കബ്.സി.ജോൺ**
ഹെഡ്മാസ്റ്റർ

Since 1839

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | ബിഷപ്പ് ഹോഡ്ജസ് ഹയർ സെക്കൻഡറി സ്കൂൾ മാവേലിക്കര |
| വിഭാഗം | എയ്ഡഡ് |
| സ്ഥാപിതം | 1836 |
| മാനേജ്മെന്റ് | സി.എം.എസ് .കോർപ്പറേറ്റ് മാനേജ്മെന്റ്, കോട്ടയം |
| വിദ്യാഭ്യാസ റവന്യൂ ജില്ലാ | ആലപ്പുഴ |
| വിദ്യാഭ്യാസ ജില്ല | മാവേലിക്കര |
| വിദ്യാഭ്യാസ ഉപജില്ല | മാവേലിക്കര |
| ബി.ആർ.സി | മാവേലിക്കര |



# അക്കാദമിക്ക് മാസ്റ്റർപ്ലാൻ2025





യാന്ത്രികമായ പഠനരീതിയല്ല പിന്തുടരേണ്ടത്.
തങ്ങളുടെ കീഴിലുള്ള വിദ്യാർത്ഥികളെ കൊണ്ട്
തെരഞ്ഞെടുക്കപ്പെട്ട പുസ്തകങ്ങൾ തത്തമ്മയെ
പോലെ അലക്ഷ്യമായി ഉരുവിട്ടുവിക്കുകയെന്ന
യാന്ത്രിക ജോലി കൊണ്ട് അവർ തൃപ്തിപ്പെടാൻ
ഒരുമ്പെടരുത്. പാഠപുസ്തകങ്ങളിൽ നിന്ന്
മാത്രം പഠിപ്പിക്കുന്ന അധ്യാപകൻ തന്റെ
വിദ്യാർത്ഥികൾക്ക് സ്വന്തമായി ഒന്നും പ്രദാനം
ചെയ്യുന്നില്ല. അയാൾ തന്നെ പാഠപുസ്തകങ്ങളുടെ
അടിമയാവുകയാണ്. അയാൾക്ക് തന്റേതായ
എന്തെങ്കിലുമുണ്ടാവാനുള്ള സന്ദർഭമോ അവസരമോ
ഇല്ല. അതുകൊണ്ട് പാഠപുസ്തകങ്ങൾ എത്ര
കുറയുന്നുവോ അത്രയും നല്ലതാണ്.'

**ഗാന്ധിജി**


**പ്രധാനാധ്യാപകൻ**
ജേക്കബ് സി ജോൺ
**സ്റ്റാഫ് സെക്രട്ടറി**
മിനി വർഗീസ്
**എസ് ആർ ജി കൺവീനേഴ്സ്**
ജിജി കെ, സിനി കെ
**അക്കാദമിക്ക് മാസ്റ്റർപ്ലാൻ കൺവീനർ**
ഐസക് ഡാനിയേൽ

**ടൈപ്പ്സെറ്റിംഗ് ,ലേഔട്ട്&കവർഡിസൈൻ**
ഐസക് ഡാനിയേൽ



## ആമുഖം

ഏതൊരു വിദ്യാഭ്യാസ പദ്ധതിയും വിദ്യാഭ്യാസത്തെ കുറിച്ചുള്ള വ്യക്തമായ നിലപാടുകൾക്ക് അനുസരിച്ചാണ് രൂപപ്പെടുത്തിയെടുക്കുന്നത്. അത്തരം നിലപാടുകൾ രൂപപ്പെടുത്തുമ്പോൾ നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്ന കാഴ്ചപ്പാടുകൾക്ക് അനുസരിച്ച് ആവേണ്ടതുണ്ട്. അതിനൊപ്പം പുരോഗമനപരവുമായ വിദ്യാഭ്യാസ സിദ്ധാന്തങ്ങൾ പരിഗണിച്ച് വേണം പാഠ്യപദ്ധതികൾ രൂപപ്പെടുത്തേണ്ടത്. ജനാധിപത്യം ,സ്ഥിതിസമത്വം, സാമൂഹ്യനീതി ,തുല്യത ,സഹവർത്തിത്വം, സഹകരണം, എളിമ ,മതനിരപേക്ഷത തുടങ്ങിയ ഭരണഘടന മുന്നോട്ടുവയ്ക്കുന്ന അടിസ്ഥാന തത്വങ്ങൾ വിദ്യാഭ്യാസ പദ്ധതിയിൽ ഉൾച്ചേർക്കേണ്ടതുണ്ട്.

2020ലെ ദേശീയ വിദ്യാഭ്യാസനയത്തിന് അനുസൃതമായാണ് 2023 ലെ കേരളപാഠ്യ പദ്ധതി ചട്ടക്കൂട് രൂപപ്പെടുത്തിയത്. കഴിഞ്ഞ 10 വർഷമായി വൈജ്ഞാനികരംഗത്തും ശാസ്ത്ര സാങ്കേതികരംഗത്തും ബോധനശാസ്ത്രരംഗത്തും വന്നുകൊണ്ടിരിക്കുന്ന ദ്രുതഗതിയിലുള്ള മാറ്റങ്ങൾ പാഠ്യപദ്ധതി പരിഷ്കരണം അനിവാര്യമാക്കി. വിജ്ഞാന സമൂഹം പ്രാദേശിക സമ്പദ്ഘടന ശക്തിപ്പെടുത്തൽ തുടങ്ങിയവയെല്ലാം കേരള സമൂഹം അംഗീകരിക്കുന്ന നിലപാടുകളായി മാറിയിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ പാഠ്യപദ്ധതിയുടെ ഭാഗമായി മാറി. പ്രാദേശിക സമ്പത്ത് വ്യവസ്ഥ ശക്തിപ്പെടുത്തണമെങ്കിൽ തൊഴിലിനോടുള്ള മനോഭാവത്തിൽ മാറ്റം വരണം. സ്കൂൾ പാഠ്യപദ്ധതിയുമായി തൊഴിൽ മനോഭാവ വികസനവും തൊഴിൽ നൈപുണി വികാസവും ശക്തിപ്പെടുത്താൻ കെ സി എഫ് ലക്ഷ്യം വയ്ക്കുന്നു.

പൊതുവേ സുരക്ഷിതമായ അന്തരീക്ഷമുള്ള നാടാണ് കേരളം എന്ന് കരുതുന്നു. എന്നാൽ ആഗോളതാപനവും കാലാവസ്ഥ വ്യതിയാനവും, ശാസ്ത്രീയമല്ലാത്ത ഭൂവിനിയോഗവും കേരളത്തിലെ കാലാവസ്ഥയെ തന്നെ വലിയതോതിൽ മാറ്റിമറിച്ചിരിക്കുന്നു. പേമാരിയും, വെള്ളപ്പൊക്കവും ,വരൾച്ചയും , കുടിവെള്ളക്ഷാമവും ജീവിതത്തിന്റെ ഭാഗമായി മാറിക്കൊണ്ടിരിക്കുന്നു. ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ അതിനെ തരണം ചെയ്യേണ്ടത് എങ്ങനെയെന്ന കാര്യം പുതിയ സമൂഹം മനസ്സിലാക്കേണ്ടതുണ്ട്. കേരളം ഇന്ന് നേരിടുന്ന പ്രധാന പ്രശ്നമാണ് ശുചിത്വ പ്രശ്നം .വ്യക്തി ശുചിത്വത്തിന് പ്രാധാന്യം കൊടുക്കുന്ന സമൂഹം പരിസ്ഥിതി ശുചിത്വത്തിന്റെ കാര്യത്തിൽ തികഞ്ഞ ഒരു അവഗണന പുലർത്തുന്നു. അതുകൊണ്ടു തന്നെ ശുചിത്വ മനോഭാവം ശാസ്ത്രീയമായ മാലിന്യനിർമാർജനരീതികൾ ഇതെല്ലാം സമൂഹത്തെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. ഇവയെല്ലാം പാഠ്യപദ്ധതിയുടെ ഭാഗമാകണം. പൗരബോധം അതിന്റെ ഉള്ളടക്കം, പ്രയോഗം ,യുക്തിചിന്ത, ശാസ്ത്രബോധം ലിംഗാവബോധം എന്നിവയും പാഠ്യപദ്ധതിയിൽ ഉൾച്ചേർന്നിരിക്കുന്നു. അന്ധവിശ്വാസം പലതലത്തിൽ പിടിമുറുക്കുന്നതിന്റെ പല വാർത്തകളും നമ്മൾ പലപ്പോഴും കേൾക്കുന്നു. ഇത്തരം പ്രശ്നങ്ങളും പുതിയ തലമുറ യുക്തിഭദ്രമായി ശാസ്ത്രബോധത്തോടെ കാണേണ്ടതുണ്ട് . ശാസ്ത്രബോധം ഉളവാക്കുന്ന വിദ്യാഭ്യാസം അനിവാര്യമാണ്. ലിംഗനീതി ,ലിംഗ സമത്വം തുടങ്ങിയ വിഷയങ്ങൾ പാഠ്യപദ്ധതിയുടെ ഭാഗമാകണം. സാംസ്കാരിക പൈതൃകത്തിനും വൈജ്ഞാനികവളർച്ചക്കും ഇടമുള്ള രാജ്യമാണ് നമ്മുടേത്. നാനാത്വത്തിൽ ഏകത്വം എന്ന് നാം ഉയർത്തിപ്പിടിക്കുന്ന നിലപാട് ,അതിനെതിരെ ഉയർന്നുവരുന്ന അസഹിഷ്ണുത ഇവയെല്ലാം പരിഹരിച്ച് മുന്നോട്ടു പോകണം. അതിനെ പ്രതിരോധിക്കേണ്ടതുമുണ്ട്.

ഇന്ന് സമൂഹം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിൽ ഒന്ന് ലഹരിയുടെ വിനിയോഗമാണ്. ലഹരിക്കെതിരെ ഒരു മനോഭാവം വികസിപ്പിക്കാൻ പാഠ്യപദ്ധതി ലക്ഷ്യം വയ്ക്കുന്നു. ദീർഘകാലത്തെ ഇടപെടലുകളിലൂടെ മാത്രമേ ഈ പ്രശ്നം മറികടക്കാൻ കഴിയുകയുള്ളൂ . കുടുംബപരവും സാമൂഹികപരവും വ്യക്തിപരവും ആയ പ്രശ്നങ്ങളെ മുന്നിൽ കണ്ടുവേണം നാം ഇതിനെ സമീപിക്കേണ്ടത്. പുതിയ കാലത്തെ കുടുംബബന്ധങ്ങളിൽ ഉണ്ടായ അകൽച്ചയും കാലം സൃഷ്ടിക്കുന്ന തിരക്കും ,മാനസിക വൈകാരിക പ്രശ്നങ്ങളും ഇവയെല്ലാം പരിഹരിച്ച് മാത്രമേ നമുക്ക് ഈ പ്രശ്നത്തെ നേരിടാൻ കഴിയുകയുള്ളൂ.





# രണ്ടു നൂറ്റാണ്ടുകളുടെ ചരിത്രത്തികവിലേക്ക്

# ബിഷപ്പ്ഹോഡ്ജസ് ഹയർസെക്കറിസ്കൂൾ

## സ്കൂൾചരിത്രം



കേരളത്തിൽ എത്തിയ മിഷണറിമാരുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനം ക്രിസ്തീയ വിശ്വാസത്തിലുള്ള മാനവദർശനമായിരുന്നു. ക്രൈസ്തവ മൂല്യങ്ങൾ മാനുഷിക മൂല്യങ്ങൾ തന്നെയാണ്. വ്യക്തിസ്വാതന്ത്ര്യവും സമത്വവുമാണ് മാനവമൂല്യങ്ങളിൽ പ്രധാനപ്പെട്ടവ. മനുഷ്യരെ പൂർണതയിലേക്ക് നയിക്കുകയെന്ന ക്രിസ്തുസന്ദേശം പ്രവർത്തിപഥത്തിൽ കൊണ്ടുവന്ന മനുഷ്യസ്നേഹികളായിരുന്നു മിഷണറിമാർ. അജ്ഞതയിലും, അന്ധതയിലും കഴിഞ്ഞ മനുഷ്യർക്കിടയിലേക്ക് എത്തി. അക്ഷരങ്ങളുടെയും അറിവിന്റെയും പ്രകാശം പരത്താൻ അവർ വിദ്യാലയങ്ങൾ സ്ഥാപിച്ചു. സാർവത്രിക വിദ്യാഭ്യാസം എന്ന ആശയം കേരളത്തിൽ നിലവിൽ വന്നു.

### മാറ്റങ്ങൾക്ക് വഴിതെളിച്ച സന്ദർശനം

1806 ൽ മദ്രാസ് ഗവർണർ ആയിരുന്ന വില്യം ബെന്റിക് ഈസ്റ്റ് ഇന്ത്യകമ്പനിയുടെ ചാപ്ലിൻമാരായിരുന്ന ഡോ. റിച്ചാർഡ് ഹോൾ കേർ, ഡോ.ക്ലോഡിയസ്സ് ബുക്കാനൻ എന്നിവരെ കേരളത്തിൽ ഉണ്ടായിരുന്ന സുറിയാനി സഭയുടെ അവസ്ഥയെക്കുറിച്ച് പഠിക്കാൻ തിരുവിതാംകൂറിലേക്ക് അയച്ചു. 1807 ൽ ഡോ. കേർ റിപ്പോർട്ട് സമർപ്പിച്ചു. ഏതാനും മാസങ്ങൾ കഴിഞ്ഞ് ഡോ ബുക്കാനൻ ഇവിടം സന്ദർശിച്ചു. മാവേലിക്കര ചെങ്ങന്നൂർ , കല്ലിശ്ശേരി , മാരാമൺ , റാന്നി , നിരണം, കുന്നംകുളം എന്നിവിടങ്ങളിൽ ഡോ. ബുക്കാനൻ സന്ദർശനം നടത്തി. തന്റെ കണ്ടെത്തലുകൾ **ക്രിസ്ത്യൻ റിസർച്ചസ് ഇൻ ഏഷ്യ** എന്ന ഗ്രന്ഥത്തിൽ എഴുതി. ഈ വിവരണങ്ങൾ വായിച്ച ഇംഗ്ലണ്ടിലെ ആംഗ്ലിക്കൻ സഭ ചർച്ച ചെയ്തു. ഒന്നാം നൂറ്റാണ്ട് മുതൽ ഇവിടെ നിലനിൽക്കുന്ന സുറിയാനി സഭയോട് ചർച്ച് മിഷൻ സൊസൈറ്റിക്ക് താല്പര്യം ജനിച്ചു. 1779ൽ ഇംഗ്ലണ്ടിൽ പ്രൊട്ടസ്റ്റന്റ് സഭയായ ചർച്ച് ഓഫ് ഇംഗ്ലണ്ടിലെ ഏതാനും അംഗങ്ങൾ ചേർന്ന് രൂപം നൽകിയ സംഘടനയാണ് ചർച്ച് മിഷൻ സൊസൈറ്റി എന്ന സി .എം .എസ് . ഉന്നത വിദ്യാഭ്യാസവും ഉയർന്ന ഉദ്യോഗവും ഉണ്ടായിരുന്നവർ ആയിരുന്നു സ്ഥാപകർ . സ്വന്തം പദവികളും സുഖങ്ങളും ഉപേക്ഷിച്ച് നിരക്ഷരതയിലും അടിമത്വത്തിലും അജ്ഞതയിലും കഴിയുന്നവർക്കായി ജീവിതം സമർപ്പിച്ചവർ . ക്രിസ്തുവിന്റെ സുവിശേഷം ലോകത്ത് അറിയിക്കാൻ അവർ തീരുമാനിച്ചു . 1816യിൽ തോമസ് നോർട്ടൻ എന്ന സി.എം.എസ് മിഷനറി ആലപ്പുഴയിൽ എത്തി.

1779ൽ ഇംഗ്ലണ്ടിൽ പ്രൊട്ടസ്റ്റന്റ് സഭയായ ചർച്ച് ഓഫ് ഇംഗ്ലണ്ടിലെ ഏതാനും അംഗങ്ങൾ ചേർന്ന് രൂപം നൽകിയ സംഘടനയാണ് ചർച്ച് മിഷൻ സൊസൈറ്റി എന്ന സി .എം .എസ് ഉന്നത വിദ്യാഭ്യാസവും ഉയർന്ന ഉദ്യോഗവും ഉണ്ടായിരുന്നവർ ആയിരുന്നു സ്ഥാപകർ . സ്വന്തം പദവികളും സുഖങ്ങളും ഉപേക്ഷിച്ച് നിരക്ഷരതയിലും അടിമത്വത്തിലും അജ്ഞതയിലും കഴിയുന്നവർക്കായി ജീവിതം സമർപ്പിച്ചവർ .

### റവ.ജോസഫ് പീറ്റ്, മാവേലിക്കരയുടെ മിഷനറി

കേരളത്തിലെ ആദ്യത്തെ കോളേജ് ആയ കോട്ടയം സി. എം. എസ് കോളേജിന്റെ പ്രിൻസിപ്പൽ സ്ഥാനത്തേക്ക് സി.എം.എസ് കറസ്പോണ്ടിങ് കമ്മിറ്റി തെരഞ്ഞെടുത്ത ഊർജ്ജസ്വലനും ബുദ്ധിമാനും ആയിരുന്ന റവ. ജോസഫ് പീറ്റ് 1833 മെയ് 20ന് മദ്രാസിൽ എത്തി .തുടർന്ന് 31 വയസ്സുള്ള ആ യുവാവ് കോളേജിന്റെ സാരഥ്യം ഏറ്റെടുത്തു. അഞ്ചു വർഷക്കാലം ഈ പദവിയിൽ അദ്ദേഹം തുടർന്നു.



# സ്കൂൾചരിത്രം

മിഷൻ ഓഫ് ഹെൽപ്പുമായുള്ള ബന്ധം അവസാനിപ്പിക്കാൻ കേരളത്തിലെ സുറിയാനി സഭ സമ്മേളിച്ച മണ്ണിലേക്ക് 1837ൽ റവ. ജോസഫ് പീറ്റ് മാവേലിക്കര എത്തി. 1838 മുതൽ അദ്ദേഹം ഇവിടെ സ്ഥിരതാമസം ആരംഭിച്ചു. ഒരു കുടിൽ കെട്ടി അവിടെ താമസിച്ചുകൊണ്ട് മിഷനറി പ്രവർത്തനങ്ങൾ ആരംഭിച്ചു. കോട്ടയം സി. എം. എസ് കോളജ് പ്രിൻസിപ്പൽ , വിദ്യാഭ്യാസ വിദഗ്ധൻ , വ്യാകരണ നിർമ്മാതാവ് ,ആദ്യ നോവലിന്റെ വിവർത്തകൻ , സാമൂഹ്യ പരിഷ്കർത്താവ് എന്നി നിലകളിൽ അദ്ദേഹം അറിയപ്പെടുന്നു





സാമൂഹ്യപരിഷ്കരണത്തിന്റെ ഭാഗമായാണ് പീറ്റ് വിദ്യാലയങ്ങൾ സ്ഥാപിച്ചത് സ്കൂളിൽ വ്യത്യസ്ത ജാതി യിൽപ്പെട്ട കുട്ടികൾക്ക് വ്യത്യസ്ത മുറികൾ എന്ന തിനെ അദ്ദേഹം എതിർത്തു . എല്ലാ കുട്ടികളും ഒരുമിച്ചി രുന്ന് പഠിക്കണമെന്നായിരു ന്നു അദ്ദേഹത്തിന്റെ ആശയം .വിദ്യാർഥികളിൽ ശാസ്ത്രീയ ബോധം വളർത്തുന്നതിനായി ലാബുകൾ സ്ഥാപിച്ചു

സാമൂഹ്യപരിഷ്കരണത്തിന്റെ ഭാഗമായാണ് പീറ്റ് വിദ്യാലയങ്ങൾ സ്ഥാപിച്ചത് . സ്കൂളിൽ വ്യത്യസ്ത ജാതിയിൽപ്പെട്ട കുട്ടികൾക്ക് വ്യത്യസ്ത മുറികൾ എന്നതിനെ അദ്ദേഹം എതിർത്തു . എല്ലാ കുട്ടികളും ഒരുമിച്ചിരുന്ന് പഠിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആശയം .വിദ്യാർഥികളിൽ ശാസ്ത്രീയ ബോധം വളർത്തുന്നതിനായി ലാബുകൾ സ്ഥാപിച്ചു ടെലസ്കോപ്പ് ,മൈക്രോസ്കോപ്പ് എന്നിവ ആദ്യമായി സ്ഥാപിച്ചത് അദ്ദേഹമാണ് . മലയാള ഭാഷയുടെ വളർച്ചയിലും ജോസഫിന്റെ സംഭാവന വലുതാണ്. മലയാള വ്യാകരണം അച്ചടിച്ച് ഇറക്കി . മലയാളം അച്ചുകൾ ഇതിനായി അദ്ദേഹം ഉപയോഗിച്ചു റവ. ജോസഫ് പീറ്റ് തയ്യാറാക്കിയ വ്യാകരണം വ്യവഹാരഭാഷയോട് ഇണങ്ങുന്നു എന്ന് ഉള്ളൂർ എസ് പരമേശ്വരയ്യർ അഭിപ്രായപ്പെട്ടിട്ടുണ്ട്. മലയാള നോവൽ സാഹിത്യം ആരംഭിക്കുന്നത് വിവർത്തനത്തിലൂടെയാണ്. ആദ്യ വിവർത്തകൻ റവ.ജോസഫ് പീറ്റ് ആയിരുന്നു . തിരുവിതാംകൂറിലെ അടിമകൾ എന്ന ചരിത്രലേഖനം എഴുതിയതിലൂടെ കേരള ചരിത്രത്തിൽ അദ്ദേഹം കടന്നു. കുട്ടികൾക്കായി ഭൂമിശാസ്ത്രം എന്ന ഗ്രന്ഥം രചിച്ചു.

## ആദ്യ ആരാധനാലയം

വലിയൊരു കെട്ടുവള്ളത്തിൽ മാവേലിക്കരയിൽ എത്തിയ ജോസഫ് പീറ്റ് മിഷൻ ആസ്ഥാനത്ത് ഒരു കുടിൽ നിർമ്മിച്ചു . ദേശവാസികൾ സംശയത്തോടെയാണ് ആദ്യം സായിപ്പിന്റെ പ്രവർത്തനത്തെ കണ്ടത്. ദേവാലയ നിർമ്മാണം ആരംഭിച്ചതോടെ പ്രതിഷേധവും ആരംഭിച്ചു .ആറാട്ടുകടവിന്റെ അടുത്താണ് ദേവാലയ നിർമ്മാണം ആരംഭിച്ചത് .എന്നാൽ ജോസഫ് പീറ്റിന്റെ യുക്തിപരമായ ഇടപെടലിലൂടെ പ്രതിഷേധം കെട്ടടങ്ങി . ആറുമാസം കൊണ്ട് ഒരു താൽക്കാലിക ദേവാലയം നിർമ്മിച്ചു. 1839 മെയ് 22ന് ദേവാലയം ആരാധനയ്ക്കായി തുറന്നു കൊടുത്തു.



അച്ചൻകോവിൽ അഭിമുഖമായി പുതിയൊരു ദേവാലയം 1845 ൽ നിർമ്മിക്കപ്പെട്ടു. റവ.ജോസഫ് പീറ്റ് ഇംഗ്ലണ്ടിലേക്ക് മടങ്ങി. ഈ കാലയളവിൽ റവ.ഫോക്സ്വർത്ത് മിഷന്റെ പ്രവർത്തനം ഏറ്റെടുത്തു. 14 മാസങ്ങൾക്ക് ശേഷം അദ്ദേഹം മാവേലിക്കരയിൽ തിരികെ എത്തി. ദേവാലയത്തിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു 1850ൽ ദേവാലയത്തിന്റെ നിർമ്മാണം പൂർത്തിയായി.



# സ്കൂൾചരിത്രം

## അറിവിന്റെ ലോകം തുറന്നിട്ടപ്പോൾ...

ലക്ഷ്യബോധത്തോടെയാണ് സി.എം.എസ് പ്രവർത്തനങ്ങൾ നടത്തിയത്. അഞ്ചുവർഷത്തിനുള്ളിൽ കല്ലുമല , കുറത്തികാട് തുടങ്ങിയ സ്ഥലങ്ങളിലായി 7 സ്കൂളുകൾ ആരംഭിച്ചു പിന്നോക്ക സമുദായത്തിൽ പെട്ടവർക്കും സ്കൂളിൽ പ്രവേശനം ലഭിച്ചു. സാമൂഹ്യ പരിഷ്കരണത്തിന്റെ ഭാഗമായിട്ടാണ് റവ.ജോസഫ് പീറ്റ് സ്കൂളുകൾ ആരംഭിച്ചത് . സ്കൂളുകളിൽ വ്യത്യസ്ത ജാതിയിലുള്ളവർക്ക് പല മുറികൾ അനുവദിച്ചതിനെ അദ്ദേഹം എതിർത്തു. എല്ലാ കുട്ടികളും ഒരുമിച്ചിരുന്ന് പഠിക്കണമെന്ന് എഴുതുകയും പ്രബോധിപ്പിക്കുകയും മിഷൻ സ്കൂളുകൾ അതിന് മാതൃക ആകുകയും ചെയ്തു.

റവ. ജോസഫ് പീറ്റ് എന്ന യുഗപ്രഭാവന്റെ പാദസ്പർശമേറ്റ് പവിത്രമാക്കപ്പെട്ട മാവേലിക്കരയിലെയും പരിസരപ്രദേശങ്ങളിലേയും ജനങ്ങളുടെ വൈജ്ഞാനിക ദാഹം തീർക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സ്ഥാപിതമായ പള്ളിക്കൂടമാണ് ബിഷപ്പ് ഹോഡ്ജസ് സ്കൂൾ.

റവ. ജോസഫ് പീറ്റ് എന്ന യുഗപ്രഭാവന്റെ പാദസ്പർശമേറ്റ് പവിത്രമാക്കപ്പെട്ട മാവേലിക്കരയിലെയും പരിസരപ്രദേശങ്ങളിലേയും ജനങ്ങളുടെ വൈജ്ഞാനിക ദാഹം തീർക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സ്ഥാപിതമായ പള്ളിക്കൂടമാണ് ബിഷപ്പ് ഹോഡ്ജസ് സ്കൂൾ.

റവ. ആൽഫ്രഡ് നോയസ് ഹോഡ്ജസ് സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ നന്മകൾ ഉപേക്ഷിച്ച് ഭാരതത്തിലേക്ക് എത്തി വിദ്യാഭ്യാസത്തെ പ്രോൽസാഹിപ്പിച്ച മനുഷ്യസ്നേഹി. ജാതി വ്യവസ്ഥയെ എതിർത്ത പ്രാർത്ഥന വീരൻ. ഉത്തരേന്ത്യൻ മിഷണറിയായി സേവനമനുഷ്ഠിച്ച ശേഷം തിരുവിതാംകൂർ കൊച്ചി മഹാ ഇടവകയിൽ പട്ടക്കാരനായി സേവനം ചെയ്തു. 1890ൽ മഹാ ഇടവക അധ്യക്ഷ സ്ഥാനത്തേക്ക് അവരോധിക്കപ്പെട്ടപ്പോൾ യുക്തിഭദ്രവും ദർശനയുക്തവുമായ ഒരു വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചു . തൊഴിലധിഷ്ഠിത വിദ്യാഭ്യാസം കേരളസമൂഹത്തിന് പരിചയപ്പെടുത്തുന്നത് തിരുമേനിയാണ്. അക്ഷരജ്ഞാനം പെൺകുട്ടികൾക്ക് നൽകി . പ്രായോഗിക ജീവിതത്തിനുള്ള പരിശീലനവും തൊഴിൽ പരിചയവും നൽകുവാനായി നാടെങ്ങും വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചു.

1905 ൽ റൈറ്റ് റവ. ചാൾസ് ഹോപ് ഗിൽ തിരുമേനി ഇവിടെ എത്തുകയും ഹോഡ്ജസ് തിരുമേനിയുടെ പ്രവർത്തന മികവിനും ആത്മീയ തീക്ഷണതയ്ക്കും അംഗീകാരം നൽകിക്കൊണ്ട് മാവേലിക്കരയിലെ പ്രസിദ്ധമായ പള്ളിക്കൂടത്തിന് ബിഷപ്പ് ഹോഡ്ജസ് സ്കൂൾ എന്ന പേര് നൽകി. ആംഗലേയ വിദ്യാഭ്യാസത്തിന്റെയും ആധുനിക ശാസ്ത്ര സമീപനങ്ങളുടെയും അടിസ്ഥാനശിലകൾ പാകുവാൻ ബിഷപ്പ് ഹോഡ് ജസ് സ്കൂളിന് കഴിഞ്ഞു. മധ്യതിരുവിതാംകൂറിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് അറിവിനായി കുട്ടികൾ ഇവിടെ എത്തി . സ്കൂളിൽ പ്രവർത്തിച്ചിരുന്ന സുസജ്ജമായ ലൈബ്രറിയും ലബോറട്ടറിയും വിദ്യാർഥികൾക്കും മുതിർന്നവർക്കും അറിവിന്റെ ആശ്രയകേന്ദ്രമായി.

കായികരംഗത്തും നേട്ടങ്ങൾ കൈവരിക്കാൻ വിദ്യാലയത്തിന് കഴിഞ്ഞു.1940ൽ സ്കൂളിന്റെ ശതാബ്ദി ആഘോഷങ്ങളുടെ സ്മരണാർത്ഥം സെന്റിനറി ഹാൾ വിദ്യാഭ്യാസത്തിനായി സമർപ്പിക്കപ്പെട്ടു. ഭാരതത്തിലെ ആദ്യകാല സ്കൗട്ട് യൂണിറ്റുകളിൽ ഒന്ന് വിദ്യാലയത്തിൽ പ്രവർത്തിച്ചിരുന്നു. തിരുവിതാംകൂർ മഹാരാജാവിന്റെ കിരീടധാരണച്ചടങ്ങിലും ,പിറന്നാൾ പരിപാടിയോടനുബന്ധിച്ചും ബിഷപ്പ് ഹോഡ്ജസ് സ്കൂൾ പതാകയുടെ കീഴിൽ ഈ യൂണിറ്റ് അംഗങ്ങൾ അണിനിരന്നു .മഹാത്മാഗാന്ധിയുടെ ആഹ്വാനമനുസരിച്ച് വിദ്യാർത്ഥികൾ സമരം നടത്തി.







# സ്കൂൾചരിത്രം

1960 ൽ പീറ്റ് മെമ്മോറിയൽ ട്രെയിനിങ് കോളേജ് സ്ഥാപിതമായപ്പോൾ അധ്യാപന പരിശീലന രംഗത്തെ ഫീഡർ സ്കൂളായി ഇത് ഉയർത്തപ്പെട്ടു.

1964ൽ ബിഷപ് മൂർ കോളേജ് സ്ഥാപിതമായതോടെ ഉന്നതവിദ്യാഭ്യാസ രംഗത്തെയും അധ്യാപന പരിശീലന രംഗത്തെയും പല ഗവേഷണങ്ങൾക്കും വേദിയാകുവാൻ സ്കൂളിന് കഴിയുന്നു. അക്കാലത്തെ നൂതന സംരംഭമായ പെഡഗോഗിക് അസിസ്റ്റൻസ് സെന്ററായി സ്കൂൾ പ്രവർത്തിച്ചിരുന്നു. കേരള സർക്കാർ 1998 ൽ കോളേജിൽ നിന്നും പ്രീഡിഗ്രി വേർപെടുത്തുന്നതിന്റെ ഭാഗമായി സ്കൂൾ ഹയർ സെക്കൻഡറിയായി ഉയർത്തപ്പെട്ടു. ഇന്ന് ഹൈസ്കൂൾ ഹയർസെക്കൻഡറി വിഭാഗങ്ങളിലായി രണ്ടായിരത്തിൽപരം വിദ്യാർത്ഥികൾ പഠനം നടത്തുന്നു.

സാമൂഹ്യ രാഷ്ട്രീയ മതപര ശാസ്ത്ര രംഗങ്ങളിൽ തിളങ്ങിയ നിരവധി പ്രമുഖർക്ക് അറിവ് പകരാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞു . മുൻ കേരള ചീഫ് സെക്രട്ടറി സി. പി നായർ ഐ. എ എസ് മുൻ കേന്ദ്ര മന്ത്രി സി. എം സ്റ്റീഫൻ, രാജ്യസഭാംഗം, ഗവർണർ എന്നീ രംഗ ങ്ങളിൽ പ്രശോഭിച്ച ഡോക്ടർ പി . സി അലക്സാണ്ടർ, ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത , മാത്യൂസ് മാർ അത്താനിയോസ് മെത്രാപ്പോലീത്ത എന്നിവർ അവരിൽ ചിലർ മാത്രമാണ് .

പ്രമുഖർക്ക് അറിവ് പകരാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞു . മുൻ കേരള ചീഫ് സെക്രട്ടറി സി. പി നായർ ഐ. എ എസ് മുൻ കേന്ദ്ര മന്ത്രി സിഎം സ്റ്റീഫൻ , രാജ്യസഭാംഗം ഗവർണർ എന്നീ രംഗങ്ങളിൽ പ്രശോഭിച്ച ഡോക്ടർ പി . സി അലക്സാണ്ടർ, ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത , മാത്യൂസ് മാർ അത്താനിയോസ് മെത്രാപ്പോലീത്ത എന്നിവർ അവരിൽചിലർ മാത്രമാണ് .

ഇന്ന് ഭൗതിക സംവിധാനത്തിലും കുട്ടികളുടെ എണ്ണത്തിലും മാവേലിക്കരയിൽ മറ്റ് വിദ്യാലയങ്ങളെ പിന്നിലാക്കി വിദ്യാലയം മുന്നേറുന്നു .ഹൈസ്കൂളിൽ മാത്രമായി എഴുന്നൂറിൽപരം വിദ്യാർത്ഥികൾ പഠനം നടത്തുന്നു. മികച്ച ശാസ്ത്ര ലാബ് , ഗണിതശാസ്ത്ര ലാബ് , സാമൂഹ്യ ശാസ്ത്ര ലാബ് , പുസ്തകങ്ങൾ നിറഞ്ഞ ലൈബ്രറി, വിശാലമായ കളിസ്ഥലം , പെൺകുട്ടികൾക്കു മാത്രമായി വിശ്രമമുറി , മൾട്ടി മീഡിയ ക്ലാസ് റൂമുകൾ , ഓഡിറ്റോറിയം , മിനി ഓഡിറ്റോറിയം , വാഹനങ്ങൾ എന്നിവ വിദ്യാലയത്തിന്റെ പ്രത്യേകതകൾ ആണ്. മികച്ച പഠനാന്തരീക്ഷം ഇവ ഉറപ്പാക്കുന്നു.പാഠ്യ പാഠ്യേതര വിഷയങ്ങളിൽ നൽകുന്ന പരിശീലനങ്ങൾ കുട്ടികളുടെ സമഗ്ര വികാസത്തെ ലക്ഷ്യം വെയ്ക്കുന്നു .വിശാലവും വ്യക്തവുമായ കാഴ്ചപ്പാടോടെ മാനേജ്മെന്റും ശക്തമായ അധ്യാപക രക്ഷാകർതൃസംഘടനയും പൂർവ അധ്യാപക അനധ്യാപക വിദ്യാർത്ഥിസംഘടനയും വിദ്യാലയത്തിന് ദിശാബോധവും ശക്തിയും പകരുന്നു വിദ്യാഭ്യാസത്തിന്റെ എല്ലാ മേഖലകളിലും മാതൃകയായി ഈ വിദ്യാലയ മുത്തശ്ശി നിലകൊള്ളുന്നു.





## അധ്യാപകർ

### ഹൈസ്കൂൾ വിഭാഗം

**മലയാളം**
സാറാമ്മ പി ജോഷ്വാ
ജെസ്സി എ തോമസ്
ജിജി കെ
ബെസ്സി പോൾ

**ഇംഗ്ലീഷ്**
ഡെറ്റി മോൾ പി ജെ
ആൻസി കോശി
ജീന റെയ്ച്ചൽ ജോൺ

**ഹിന്ദി**
ജിഷ എം ജോർജ്
സ്നേഹ ജോർജ്

**സോഷ്യൽ സയൻസ്**
ഐസക് ഡാനിയേൽ
വിൻസി ജോസഫ്
മഞ്ജു അന്ന ജേക്കബ്

**ഫിസിക്കൽ സയൻസ്**
ജോളി മേരി
സാം ജോസഫ്
ബെറ്റി ഡാനിയേൽ

**നാച്ചുറൽ സയൻസ്**
മിനി വർഗീസ്
അനു എൽസമ്മ മാത്യു

**ഗണിതശാസ്ത്രം**
സുജ എബ്രഹാം
അനു എലൈനി എബ്രഹാം
പ്രിയ ലൗലി

**കലാവിഭാഗം**
വീണാവർമ്മ കെ.ജെ

### യുപി വിഭാഗം

എ പി മിനി
ലൈലാമ്മ ചാക്കോ
ജോജി പി എബ്രഹാം
സൂസൻ ഉമ്മൻ
സുധ മോൾ വി എം
സിനി .കെ
സോമോൾ കെ ജെ
ആൻസി തോമസ്
എമിലി ചാക്കോ
സെബാ മറിയം സണ്ണി

## അനധ്യാപകർ

ജോൺ ഡാനിയേൽ
സജി മാത്യു
സുജിത് C V
മറിയാമ്മ സാം
പ്രജിത് R



## അക്കാദമിക് മാസ്റ്റർപ്ലാൻ

മികവിന്റെ കേന്ദ്രങ്ങളായി വിദ്യാലയങ്ങളെ ഉയർത്തുകയെന്നതാണ് നാം ലക്ഷ്യം വയ്ക്കുന്നത്. ഇതിനായി സമഗ്ര വികസനത്തിന് അനിവാര്യമായ പ്രവർത്തങ്ങൾ ഒരുക്കേണ്ടതുണ്ട്. ഓരോ കുട്ടിയുടേയും സ്വാഭാവികമായ കഴിവും പരിമിതികളും തിരിച്ചറിഞ്ഞാൽ മാത്രമേ എല്ലാ കുട്ടികൾക്കും പഠനമുന്നേറ്റത്തിനുള്ള അവസരങ്ങൾ ഒരുക്കാനാവുകയുള്ളു.

ഒരു വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചക്ക് വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ അക്കാദമിക് മാസ്റ്റർ പ്ലാൻ ഓരോ വിദ്യാലയത്തിലെയും അക്കാദമിക് ആസൂത്രണത്തിനും സ്വയം സജ്ജമാകാനും സഹായകമായ അക്കാദമിക ചട്ടക്കൂടാണ്.



## വിദ്യാലയതല മാസ്റ്റർ പ്ലാൻ

വിദ്യാലയത്തിന്റെ കാഴ്ചപ്പാടും അക്കാദമിക ലക്ഷ്യങ്ങളും വിഭവ വിനിയോഗവും പ്രവർത്തന പരിപാടികളും ഉൾക്കൊള്ളുന്ന പൊതുവായ ചട്ടക്കൂടാണ്.



## ക്ലാസ്തല മാസ്റ്റർ പ്ലാൻ

ഓരോ ക്ലാസിലെയും കുട്ടികളുടെ പൊതുവായ പഠന ആവശ്യങ്ങളും വിഷയങ്ങളിലെ പഠന ലക്ഷ്യങ്ങളും അടിസ്ഥാനമാക്കി തയ്യാറാക്കുന്ന ആസൂത്രണം. അധ്യാപകർ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ ചിട്ടപ്പെടുത്തലുകളും ഇതിൽ ഉൾക്കൊള്ളുന്നു.

## വ്യക്തിഗത മാസ്റ്റർ പ്ലാൻ

ഓരോ കുട്ടിയും ഓരോ മാതൃകകൾ ആണ്. പഠനശേഷികൾ താല്പര്യങ്ങൾ,താല്പര്യങ്ങൾ വെല്ലുവിളികൾ എന്നിവ വ്യത്യസ്തമാണ്. ഓരോ കുട്ടികളെയും തിരിച്ചറിഞ്ഞ് അവർക്ക് ആവശ്യമായ പിന്തുണയും പ്രോത്സാഹനവു പിന്തുണയും നൽകുക എന്നതാണ് പ്രധാനം. ഇത് വ്യക്തിഗത മാസ്റ്റർ പ്ലാൻ ലക്ഷ്യം വെക്കുന്നു.





# മാറുന്ന പഠനം

മഹാത്മാഗാന്ധിജി പറഞ്ഞ മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം
എന്ന ആപ്തവാക്യം ഇന്നും അർത്ഥവത്താണ് .
ഇന്ന് വിദ്യാഭ്യാസത്തിന്റെ വിമോചന ദൗത്യം ജനമനസ്സുകളിൽ കുറഞ്ഞു വരുന്നു.
വിദ്യാഭ്യാസത്തെ കേവലം തൊഴിൽ ലഭിക്കുന്നതിനുള്ള ഉപാധിയായി മാത്രം ചുരുക്കി
കാണുന്ന പ്രവണത ഇന്ന് വർധിച്ചു വരുന്നു .
പരീക്ഷകളോടുള്ള അമിതമായ ആസക്തി ഇന്ന് പ്രകടമാണ്
.സാമ്പത്തികമായും സാമൂഹികമായും സമൂഹത്തിൽ ഉടലെടുത്തു
കൊണ്ടിരിക്കുന്ന അസമത്വങ്ങളെയും വിവേചനങ്ങളെയും പരിഹരിക്കുവാൻ കഴിയേണ്ടതുണ്ട്.
കേരളമാതൃക എന്ന് ലോകം വിശേഷിപ്പിച്ച വികസന മാതൃകയ്ക്ക്
അതിന്റേതായ ശക്തിയും പരിമിതികളും ഉണ്ട്
സ്കൂളിലെത്തുന്ന എല്ലാ കുട്ടികൾക്കും അവരുടെ സാധ്യതയ്ക്കനുസരിച്ച്
പഠനാനുഭവങ്ങൾ ലഭ്യമാക്കാനും അതുവഴി ഗുണനിലവാരമുള്ള വിദ്യാഭ്യാസം
ഉറപ്പുവരുത്താനും നാം ഇനിയും ഏറെ മുന്നോട്ടു പോകേണ്ടതുണ്ട്.
പരീക്ഷകൾ യാന്ത്രികമായി മാറിയപ്പോൾ പലപ്പോഴും തടസ്സപ്പെട്ടത്
കുട്ടികളുടെ മുഴുവൻ കഴിവുകളെയും കണ്ടെത്താനും ,വികസിപ്പിക്കാനുമുള്ള
പുരോഗമന വിദ്യാഭ്യാസത്തിന്റെ സാധ്യതകളാണ്
മത്സരാധിഷ്ഠിതലോകക്രമത്തിൽ പ്രശ്ന നിർധാരണ കഴിവുകൾകൂടി
കുട്ടികൾ ആർജിക്കുന്ന പഠനപദ്ധതിയാണ് വേണ്ടത്.
സാങ്കേതികരംഗത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന പുരോഗതിയെ
വിവേകപൂർവം ഉപയോഗപ്പെടുത്തുന്നതിനുള്ള കഴിവും ധാരണയും രൂപപ്പെടേണ്ടതുണ്ട്.
അറിവു സൃഷ്ടിച്ചെടുക്കുകയാണ് . പഠനവും വികാസവും സാമൂഹികവും
സാംസ്കാരികവുമായ ഇടപെടലുകളിലിലൂടെ നടക്കുന്നു .
സംവാദാത്മകത പഠനത്തെ സജീവമാക്കും.











# പഠനാന്തരീക്ഷം

കുട്ടിയെ അറിഞ്ഞു പഠനാന്തരിക്ഷം ഒരുക്കുക എന്നത്
ഏറെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് .
കുട്ടിയുടെ പ്രായത്തെ മനസ്സിലാക്കി അവരുടെ പ്രകൃതം
ബോധ്യപ്പെട്ട് , മാറിയ പാഠ്യപദ്ധതി സമീപനം ഉൾക്കൊണ്ട് വേണം അത് രൂപപ്പെടുത്തേണ്ടത്.
കുട്ടിക്ക് അതിയായ ജിജ്ഞാസയുണ്ട് .
കുട്ടി ഭാവനയെ ഇഷ്ടപ്പെടുന്നു . ചലനാത്മകതയുണ്ട് . സംഘമായി പ്രവർത്തിക്കാൻ
താല്പര്യപ്പെടുന്നു .അംഗീകാരംഇഷ്ടപ്പെടുന്നു . ചോദ്യംചോദിക്കാൻ താല്പര്യം ഉണ്ട് .
സർഗാത്മകത ,നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെടാൻ താല്പര്യം
ഭയരഹിതമായ അന്തരീക്ഷം ഇഷ്ടപ്പെടുന്നു . അതുകൊണ്ട് തന്നെ
പഠനാന്തരീക്ഷം അവകാശങ്ങളെ സംരക്ഷിക്കുന്നത്
പഠന സമീപനത്തിന് യോജിച്ചത്, ജനാധിപത്യ , മതേതര മൂല്യങ്ങൾ പരിഗണിച്ചുള്ളത്.
അവസര തുല്യത ഉറപ്പാക്കുന്നത് , കുട്ടികളെ ആകർഷിക്കുന്നത്. പുറംവാതിൽ പഠനത്തിന്
സാധ്യത ഉള്ളത്. കളി ഉപകരണങ്ങൾ ആവശ്യത്തിനുള്ളത്. ഭയരഹിതവും
സൗഹൃദ പൂർണവുമായ അന്തരീക്ഷം. പൊതുധാരണയുടെ അടിസ്ഥാനത്തിൽ
അധ്യാപകർക്കും കുട്ടികൾക്കും പ്രവർത്തിക്കാവുന്ന അവസരം.
സ്വതന്ത്രമായ ക്ലാസ് പ്രവർത്തനത്തിന് ഉതകുന്ന ഇരിപ്പട സൗകര്യം.
വൃത്തിയുള്ള ക്ലാസ് മുറി. കാറ്റും വെളിച്ചവും ലഭിക്കുന്ന അടച്ചുറപ്പുള്ള ക്ലാസ് മുറി.
ക്ലാസ്സ് ലൈബ്രറി ലാബ് പരീക്ഷണ മൂല, കളിക്കോപ്പ് മൂല ക്ലാസ് മുറികളിലെ
കുടിവെള്ള ലഭ്യത. യഥേഷ്ടം ഉപയോഗിക്കാവുന്ന ബോർഡുകൾ ടീച്ചർ ലേർണിംഗ്
മെറ്റീരിയലുകൾ വിവര സാങ്കേതികവിദ്യ ക്ലാസ് പ്രവർത്തനത്തിന്റെ
നിരന്തര മൂല്യനിർണയംമെച്ചപ്പെടുത്തുന്നതിന് ക്ലാസ് തല അധ്യാപക രക്ഷാകർതൃ സമിതി
കുട്ടികളുടെ നിർമ്മിതികൾ രചനകൾ എന്നിവ പ്രദർശിപ്പിക്കാനുള്ള അവസരങ്ങൾ
പ്രോത്സാഹനങ്ങൾ ഇവ ഉൾകൊണ്ടതാവണം.







സ്കൂൾ വിദ്യാഭ്യാസ നിലവാരം
കൂടുതൽ മെച്ചപ്പെടുത്തുന്നതിന്

## സമഗ്ര ഗുണമേന്മാ പദ്ധതി പ്രഖ്യാപിച്ചു

# 2025 സമഗ്രഗുണമേന്മാ വർഷം

വിദ്യാഭ്യാസ രംഗത്തെ ഒന്നാം തലമുറ പ്രശ്നങ്ങളായ പ്രാപ്യതയും പഠനതുടർച്ചയും വലിയ അളവിൽ പരിഹരിക്കാൻ കഴിഞ്ഞ കേരളത്തിൽ  രണ്ടാം തലമുറ പ്രശ്നങ്ങളായ ഗുണമേന്മാ വിദ്യാഭ്യാസവും തുല്യതയും ഉറപ്പാക്കലാണ് പ്രധാനലക്ഷ്യം. നവകേരള സ്വപ്നങ്ങൾക്ക് അനുഗുണമാകും വിധം ജനാധിപത്യ മതനിരപേക്ഷ വിദ്യാഭ്യാസക്രമം പടുത്തുയർത്തേണ്ടതുണ്ട്. ഇങ്ങനെ ചെയ്യുമ്പോൾ ലോകത്തെവിടെയുമുള്ള സമപ്രായക്കാരോട് സംവദിക്കാനുള്ള അറിവും, കഴിവും, നൈപുണിയും നമ്മുടെ കുട്ടികൾക്കും ഉണ്ടാകണം. ഇതിനെല്ലാം കഴിയും വിധം പൊതു ഇടമായ പൊതുവിദ്യാലയങ്ങളെ പരിവർത്തിപ്പിക്കുക എന്നതാണ് പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞം വഴി ചെയ്യുന്നത്.

കേരളത്തിൽ സ്കൂൾ വിദ്യാഭ്യാസ നിലവാരത്തിൽ വിപ്ലവകരമായ  മാറ്റങ്ങൾ നടന്നു വരുന്നു . കഴിഞ്ഞ  9 വർഷങ്ങളിൽ മാറ്റത്തിന്റെ ഫലമായി വിദ്യാലയങ്ങളുടെ ഭൗതിക  മേഖലയിൽ ഉണ്ടായ മാറ്റങ്ങൾ നമുക്ക് അഭിമാനകരമാണ്.  പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നമുക്ക് സമ്മാനിച്ചത്  മികച്ച നേട്ടങ്ങൾ ആണ്  കിഫ്ബി ഏറ്റെടുത്ത അടിസ്ഥാന സൗകര്യപദ്ധതികൾ, കൈറ്റ് നടപ്പിലാക്കിയ ഡിജിറ്റലൈസേഷൻ സംരംഭങ്ങൾ, സ്മാർട്ട് ക്ലാസ് മുറികൾ തുടങ്ങിയവ ഭൗതികതലത്തിലുള്ള ഗുണനിലവാരം മെച്ചപ്പെടുത്തിയിട്ടുണ്ടെങ്കിലും, അക്കാദമിക് മികവും ഗുണനിലവാരവും കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.  സമഗ്ര ഗുണമേന്മാ പദ്ധതി ഇതു ലക്ഷ്യം വയ്ക്കുന്നു.  പൊതുവിദ്യാഭ്യാസമേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ഓരോ വിദ്യാലയത്തേയും മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തേണ്ടതുണ്ട്.

### ലക്ഷ്യങ്ങൾ

അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്താൻ

മൂല്യനിർണ്ണയ രീതിശാസ്ത്രം പരിഷ്കരിക്കുകയും സമഗ്രമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ

സാങ്കേതികവിദ്യ സൗഹൃദ ക്ലാസ്റൂം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ.

ഭരണപരമായ കാര്യക്ഷമത വർദ്ധിപ്പിക്കാൻ

അധ്യാപക പരിശീലനം ഉറപ്പുവരുത്താനും, നവീകരിക്കുവാനും പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി

വിദ്യാഭ്യാസ രംഗത്തെ ഗവേഷണപ്രവർത്തനങ്ങൾ നവീകരിക്കുവാനും, നൂതനമാക്കുന്നതിനും

ഗുണമേന്മാ വിദ്യാഭ്യാസത്തിനായി സമൂഹത്തിലെ മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ, സമിതികൾ എന്നിവയുടെ സഹകരണം ഉറപ്പാക്കുന്നതിന്

ഗുണമേന്മാ വിദ്യാഭ്യാസ പരിപാടിയെക്കുറിച്ച് ജനങ്ങളെ അറിയിച്ച് അവരുടെ സഹകരണം



# അവസ്ഥാപഠനം

ഭൗതികം

അക്കാദമികം

സാമൂഹികം



# അടിസ്ഥാന സൗകര്യങ്ങൾ

| | |
|---|---|
| കെട്ടിടങ്ങൾ | 6 |
| ഓഡിറ്റോറിയം | 2 |
| ലാബുകൾ | 4 |
| സയൻസ് ലാബ് | |
| സാമൂഹ്യശാസ്ത്ര ലാബ് | |
| ഗണിതശാസ്ത്ര ലാബ് | |
| കമ്പ്യൂട്ടർ ലാബ് | 1 |
| സ്റ്റാഫ് റൂം | 2 |
| ലൈബ്രറി | 1 |
| ടോയ്‌ലറ്റ് സംവിധാനം | 8 |
| അഗ്നിശമന സംവിധാനം | 1 |
| ജല ലഭ്യത | കിണർ |
| പച്ചക്കറി തോട്ടം | |
| ബസുകൾ | 4 |





# വായനശാല

- 6000 പുസ്തകങ്ങൾ
- പുസ്തക വിതരണം
- പത്രങ്ങൾ
- ആനുകാലികങ്ങൾ





# ഗണിതലാബ്















# ഗണിത ശാസ്ത്ര ലാബ്





# ശാസ്ത്ര ലാബ്











# ഹോർത്തൂസ്









# സാമൂഹ്യശാസ്ത്ര ലാബ്





# കംപ്യൂട്ടർ ലാബ്



# കുട്ടികൾ

## ആകെ കുട്ടികൾ

| STD | DIVS | TOTAL | | | SC | | | ST | | | MUSLIM | | | OTHER MINORITY | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TO |
| 5 | 3 | 40 | 24 | 64 | 12 | 5 | 17 | 0 | 0 | 0 | 5 | 3 | 8 | 10 | 5 | 15 |
| 6 | 3 | 42 | 35 | 77 | 14 | 8 | 22 | 0 | 0 | 0 | 3 | 4 | 7 | 8 | 16 | 24 |
| 7 | 3 | 51 | 41 | 92 | 9 | 12 | 21 | 0 | 0 | 0 | 1 | 2 | 3 | 19 | 12 | 31 |
| 8 | 5 | 90 | 58 | 148 | 23 | 9 | 32 | 0 | 0 | 0 | 3 | 2 | 5 | 30 | 29 | 59 |
| 9 | 5 | 113 | 84 | 197 | 31 | 19 | 50 | 0 | 1 | 1 | 2 | 5 | 7 | 37 | 24 | 61 |
| 10 | 4 | 88 | 53 | 141 | 22 | 14 | 36 | 0 | 0 | 0 | 1 | 3 | 4 | 35 | 22 | 57 |
| Total | | 424 | 295 | 719 | 111 | 67 | 178 | 0 | 1 | 1 | 15 | 19 | 34 | 139 | 108 | 247 |

## മീഡിയം അടിസ്ഥാനത്തിൽ കുട്ടികൾ

| STD | MALAYALAM | | | ENGLISH | | | TAMIL | | |
|---|---|---|---|---|---|---|---|---|---|
| | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS | TOT |
| 5 | 1 | 1 | 2 | 39 | 23 | 62 | 0 | 0 | 0 |
| 6 | 4 | 4 | 8 | 38 | 31 | 69 | 0 | 0 | 0 |
| 7 | 3 | 4 | 7 | 48 | 37 | 85 | 0 | 0 | 0 |
| 8 | 7 | 4 | 11 | 83 | 54 | 137 | 0 | 0 | 0 |
| 9 | 15 | 7 | 22 | 98 | 77 | 175 | 0 | 0 | 0 |
| 10 | 7 | 0 | 7 | 81 | 53 | 134 | 0 | 0 | 0 |
| Total | 37 | 20 | 57 | 387 | 275 | 662 | 0 | 0 | 0 |

## ഭാഷയുടെ അടിസ്ഥാനത്തിൽ കുട്ടികൾ

| STD | MALAYALAM | | | SANSKRIT | | | ARABIC | | | URDU | | | GUJARATHI | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B |
| 5 | 40 | 24 | 64 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 6 | 42 | 35 | 77 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 7 | 51 | 41 | 92 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 8 | 90 | 58 | 148 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 9 | 113 | 84 | 197 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 10 | 88 | 53 | 141 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| Total | 424 | 295 | 719 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |



## മലയാളം

# കുട്ടികളും പഠനനിലയും



വായനാശേഷി എഴുതാനുള്ള ശേഷി ആശയഗ്രാഹണ ശേഷി സ്വന്തം നിലപാടുകൾ വിശദീകരിക്കാനുള്ള ശേഷി, പ്രശ്നങ്ങളെ വിലയിരുത്തി പ്രതികരിക്കാനുള്ള ശേഷി ആത്മപ്രകാശനത്തിനുള്ള ശേഷി സർഗ്ഗശേഷി എന്നിവ പരിഗണിച്ചാണ് വിലയിരുത്തൽ നടന്നത്. യു. പി വിഭാഗത്തിൽ 9 ക്ലാസുകളിലും ഹൈസ്കൂൾ 15 ക്ലാസുകളിലും പ്രവർത്തനം നടന്നു. ചോദ്യപേപ്പർ സബ്ജക്റ്റ് കൗൺസിൽ തയ്യാറാക്കി നൽകി. അഞ്ചു ചോദ്യങ്ങൾ ഓരോന്നിനും 5 അന്വേഷണങ്ങൾ വീതം നൽകിയാണ് വിലയിരുത്തൽ പ്രക്രിയ പൂർത്തിയാക്കിയത്.

**ശതമാനത്തിൽ**

| ക്ലാസ് | കൃത്യമായി വായിക്കാൻ കഴിയുന്നു | വായിച്ച് ആശയം ഗ്രഹിക്കാൻ കഴിയുന്നു | തെറ്റില്ലാതെ എഴുതുവാൻ കഴിയുന്നു | ആർജിച്ച ആശയം അവതരിപ്പിക്കാൻ കഴിയുന്നു | പാഠഭാഗത്ത് സ്വന്തം നിലപാടുകൾ ആവിഷ്കരിക്കാൻ കഴിയുന്നു |
|---|---|---|---|---|---|
| 5 | 61 | 56 | 48 | 49 | 38 |
| 6 | 64 | 61 | 51 | 43 | 40 |
| 7 | 68 | 59 | 63 | 50 | 43 |
| 8 | 72 | 54 | 56 | 49 | 50 |
| 9 | 78 | 67 | 59 | 52 | 55 |

- അക്ഷരം മനസ്സിലാക്കി വായിക്കാനുള്ള ശേഷി വർദ്ധിപ്പിക്കേണ്ടതുണ്ട്.
- ആശയ ഗ്രഹണ ശേഷി മെച്ചപ്പെടേണ്ടതുണ്ട് .
- സ്വന്തം നിലപാടുകൾ വിശദീകരിക്കാൻ കുട്ടികൾ പിന്നിലാണ്.
- എഴുതുമ്പോൾ 40%  കുട്ടികൾക്ക് തെറ്റ് പറ്റുന്നുണ്ട്


Activity _1 Reading comprehension
Drooly Mooly
Activity 4 Translation
Translate to English

# കുട്ടികളും പഠനനിലയും



## ഇംഗ്ലീഷ്

വായനാശേഷി എഴുതാനുള്ള ശേഷി ആശയഗ്രഹണ ശേഷി സ്വന്തം നിലപാടുകൾ വിശദീകരിക്കാനുള്ള ശേഷി, പ്രശ്നങ്ങളെ വിലയിരുത്തി പ്രതികരിക്കാനുള്ള ശേഷി ആത്മപ്രകാശനത്തിനുള്ള ശേഷി സർഗ്ഗശേഷി എന്നിവ പരിഗണിച്ചാണ് വിലയിരുത്തൽ നടന്നത്. യു. പി വിഭാഗത്തിൽ 9 ക്ലാസുകളിലും ഹൈസ്കൂൾ വിഭാഗത്തിൽ 15ക്ലാസുകളിലും പ്രവർത്തനം നടന്നു. ചോദ്യപേപ്പർ സബ്ജക്ട് കൗൺസിൽ തയ്യാറാക്കി നൽകി. അഞ്ചു ചോദ്യങ്ങൾ ഓരോന്നിനും 5 അന്വേഷണങ്ങൾ വീതം നൽകിയാണ് വിലയിരുത്തൽ പ്രക്രിയ പൂർത്തിയാക്കിയത്

ശതമാനത്തിൽ

| ക്ലാസ് | കൃത്യമായി വായിക്കാൻ കഴിയുന്നു | വായിച്ച് ആശയം ഗ്രഹിക്കാൻ കഴിയുന്നു | തെറ്റില്ലാതെ എഴുതുവാൻ കഴിയുന്നു | ആർജിച്ച ആശയം അവതരിപ്പിക്കാൻ കഴിയുന്നു | പഠനമനുസരിച്ച് സ്വന്തം നിലപാടുകൾ ആവിഷ്കരിക്കാൻ കഴിയുന്നു |
|---|---|---|---|---|---|
| 5 | 60 | 51 | 60 | 52 | 44 |
| 6 | 58 | 51 | 66 | 50 | 46 |
| 7 | 54 | 52 | 61 | 50 | 44 |
| 8 | 62 | 54 | 64 | 52 | 48 |
| 9 | 68 | 59 | 68 | 56 | 52 |

- അക്ഷരം മനസ്സിലാക്കി വായിക്കാനുള്ള ശേഷി വർദ്ധിപ്പിക്കേണ്ടതുണ്ട്.
- ആശയ ഗ്രഹണ ശേഷി മെച്ചപ്പെടേണ്ടതുണ്ട്
- സ്വന്തം നിലപാടുകൾ വിശദീകരിക്കാൻ കുട്ടികൾ പിന്നിലാണ്
- എഴുതുമ്പോൾ 40% കുട്ടികൾക്ക് തെറ്റ് പറ്റുന്നുണ്ട്.
- ആശയ അവതരണ രീതി മെച്ചപ്പെടേണ്ടതുണ്ട്


ACHIEVEMENT TEST

हिदायत था कि झटपट को छोटे भाई का ध्यान रखना है, नटखट को अपना साथ ही रखना है।

# കുട്ടികളും പഠനനിലയും



## ഹിന്ദി

വായനാശേഷി എഴുതാനുള്ള ശേഷി ആശയഗ്രഹണ ശേഷി സ്വന്തം നിലപാടുകൾ വിശദീകരിക്കാനുള്ള ശേഷി, പ്രശ്നങ്ങളെ വിലയിരുത്തി പ്രതികരിക്കാനുള്ള ശേഷി ആത്മപ്രകാശനത്തിനുള്ള ശേഷി സർഗ്ഗശേഷി എന്നിവ പരിഗണിച്ചാണ് വിലയിരുത്തൽ നടന്നത്. യു. പി വിഭാഗത്തിൽ 9 ക്ലാസുകളിലും ഹൈസ്കൂൾ വിഭാഗത്തിൽ 15ക്ലാസുകളിലും പ്രവർത്തനം നടന്നു. ചോദ്യപേപ്പർ സബ്ജക്റ്റ് കൗൺസിൽ തയ്യാറാക്കി നൽകി. അഞ്ചു ചോദ്യങ്ങൾ ഓരോന്നിനും 5 അന്വേഷണങ്ങൾ വീതം നൽകിയാണ് വിലയിരുത്തൽ പ്രക്രിയ പൂർത്തിയാക്കിയത്

### ശതമാനത്തിൽ

| ക്ലാസ് | കൃത്യമായി വായിക്കാൻ കഴിയുന്നു | വായിച്ച് ആശയം ഗ്രഹിക്കാൻ കഴിയുന്നു | തെറ്റില്ലാതെ എഴുതുവാൻ കഴിയുന്നു | ആർജിച്ച ആശയം അവതരിപ്പിക്കാൻ കഴിയുന്നു | പ്രസ്താവത്തിൽ സ്വന്തം നിലപാടുകൾ ആവിഷ്കരിക്കാൻ കഴിയുന്നു |
|---|---|---|---|---|---|
| 5 | | | | | |
| 6 | 50 | 42 | 38 | 36 | 35 |
| 7 | 56 | 50 | 43 | 42 | 37 |
| 8 | 58 | 47 | 42 | 48 | 38 |
| 9 | 62 | 57 | 59 | 49 | 37 |

- അക്ഷരം മനസ്സിലാക്കി വായിക്കാനുള്ള ശേഷി വർദ്ധിപ്പിക്കേണ്ടതുണ്ട്.
- ആശയ ഗ്രഹണ ശേഷി മെച്ചപ്പെടേണ്ടതുണ്ട്
- സ്വന്തം നിലപാടുകൾ വിശദീകരിക്കാൻ കുട്ടികൾ പിന്നിലാണ് .
- എഴുതുമ്പോൾ 50% കുട്ടികൾക്ക് തെറ്റ് പറ്റുന്നുണ്ട്.
- ആശയ അവതരണ രീതി മെച്ചപ്പെടേണ്ടതുണ്ട്.



# കുട്ടികളും പഠനനിലയും

## ശാസ്ത്രം

യു. പി വിഭാഗത്തിൽ 9 ക്ലാസുകളിലും,15 ഹൈസ്കൂൾ ക്ലാസുകളിലും പ്രവർത്തനം നടന്നു. ചോദ്യപേപ്പർ സബ്ജക്ട് കൗൺസിൽ തയ്യാറാക്കി നൽകി. അഞ്ചു ചോദ്യങ്ങൾ ഓരോന്നിനും 5 അന്വേഷണങ്ങൾ വീതം നൽകിയാണ് വിലയിരുത്തൽ പ്രക്രിയ പൂർത്തിയാക്കിയത്

ശതമാനത്തിൽ

| ക്ലാസ് | ശാസ്ത്രത്തിന്റെ അടിസ്ഥാന ആശയങ്ങൾ, തത്വങ്ങൾ എന്നിവ ബോധ്യപ്പെട്ടിട്ടുണ്ട് | ശാസ്ത്രതത്വങ്ങൾ നിത്യ ജീവിതവുമായി ബന്ധപ്പെടുത്തുവാൻ കഴിയുന്നു | പ്രകൃതിയെയും അതിന്റെ പ്രത്യേകതയും തിരിച്ചറിഞ്ഞ് മനുഷ്യന്റെ പ്രതിപ്രവർത്തനം എങ്ങനെ അതിന്റെ സന്തുലിതാവസ്ഥയെ ബാധിക്കുന്നുവെന്ന് ബോധ്യമുണ്ട്. | നിരീക്ഷണം, പരീക്ഷണം എന്നിവയിലൂടെ ശാസ്ത്ര തത്വങ്ങൾ വിശദീകരിക്കാൻ കഴിയുന്നു. | നിരീക്ഷണം, പരീക്ഷണം എന്നിവയിലൂടെ ശാസ്ത്ര തത്വങ്ങൾ വിശദീകരിക്കാൻ കഴിയുന്നു. |
|---|---|---|---|---|---|
| 5 | 45 | 63 | 57 | 48 | 50 |
| 6 | 48 | 67 | 54 | 47 | 38 |
| 7 | 42 | 52 | 53 | 44 | 42 |
| 8 | 30 | 38 | 36 | 42 | 32 |
| 9 | 31 | 41 | 45 | 51 | 39 |

- ശാസ്ത്രത്തിന്റെ അടിസ്ഥാന ആശയങ്ങൾ 50% കുട്ടികളിൽ എത്തിയിട്ടില്ല.
- നിത്യജീവിതവുമായി ശാസ്ത്രത്തെ ബന്ധിപ്പിച്ച് പഠിക്കേണ്ടതുണ്ട്.
- പരീക്ഷണ നിരീക്ഷണത്തിലൂടെയുള്ള പഠനത്തിന് പ്രാധാന്യം നൽകണം.
- യുക്തിപൂർവ്വം നിരീക്ഷിച്ച് കാര്യകാരണ ബന്ധം കണ്ടെത്തി ആശയങ്ങൾ ഗ്രഹിക്കേണ്ടതുണ്ട്.
- ശാസ്ത്ര അവബോധം രൂപപ്പെടേണ്ടതുണ്ട്.




# കുട്ടികളും പഠനനിലയും



## സാമൂഹ്യശാസ്ത്രം

കുട്ടികളിൽ സാമൂഹ്യശാസ്ത്ര പഠന ശേഷി വിലയിരുത്തി അവസ്ഥ പഠനം നടത്തി. യുപി വിഭാഗത്തിൽ 9 ക്ലാസുകളിലും ഹൈസ്കൂൾ വിഭാഗത്തിൽ 15 ക്ലാസുകളിലും വിലയിരുത്തൽ പ്രവർത്തനം നടന്നു സബ്ജറ്റ് കൗൺസിൽ തയ്യാറാക്കിയ പ്രവർത്തനങ്ങളിലൂടെ പ്രക്രിയ പൂർത്തിയാക്കി. 70 ശതമാനം കുട്ടികൾ പങ്കെടുത്തു ചരിത്രം, ഭൂമിശാസ്ത്രം ,സാമ്പത്തിക ശാസ്ത്രം എന്നീ വിഷയങ്ങളിലെ അടിസ്ഥാന ആശയങ്ങൾ ഉൾപ്പെടുത്തി കൊണ്ടാണ് വിലയിരുത്തൽ നടത്തിയത്. ആശയങ്ങളുടെ സാംശീകരണശേഷി, വിശകലന പാടവം പ്രശ്നങ്ങളെ നിർദ്ദേശാനുസരണം ചെയ്യാനുള്ള ശേഷി സ്വന്തം നിലപാടുകൾ വിശദീകരിക്കാനുള്ള ശേഷി വിമർശനാത്മകമായി വിലയിരുത്താനുള്ള ശേഷി എന്നിവ പരിശോധിക്കപ്പെട്ടു.

**ശതമാനത്തിൽ**

| ക്ലാസ് | കേരളത്തിന്റെ ചരിത്രം സംസ്കാരം എന്നിവയുടെ അടിസ്ഥാന ആശയങ്ങൾ ബോധ്യപ്പെട്ടിട്ടുണ്ട് | ഇന്ത്യയുടെ ചരിത്രം സംസ്കാരം എന്നിവയുടെ അടിസ്ഥാന ആശയങ്ങൾ രൂപപ്പെട്ടിട്ടുണ്ട് | ഭൂമി ശാസ്ത്രത്തിന്റെ അടിസ്ഥാന ആശയങ്ങൾ ധാരണ നേടിയിട്ടുണ്ട് | സാമ്പത്തിക ശാസ്ത്രത്തിന്റെ അടിസ്ഥാന ആശയങ്ങൾ ബോധ്യപ്പെട്ടിട്ടുണ്ട് | സ്വന്തം നിലപാടുകൾ വിശദീകരിക്കാൻ കഴിയുന്നുണ്ട് |
|---|---|---|---|---|---|
| 5 | 60 | 32 | 24 | 25 | 20 |
| 6 | 62 | 40 | 28 | 27 | 27 |
| 7 | 58 | 41 | 30 | 28 | 28 |
| 8 | 65 | 48 | 38 | 48 | 34 |
| 9 | 70 | 58 | 42 | 38 | 42 |

- ചരിത്ര വായനയ്ക്ക് പ്രാധാന്യം നൽകേണ്ടതുണ്ട്
  40% കുട്ടികൾക്കും ചരിത്രത്തിൽ ധാരണ കുറവാണ്
- പ്രവർത്തനാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അഭാവമാണ് ഭൂമി ശാസ്ത്ര ആശയങ്ങളെ ബോധ്യപ്പെടുത്തുന്നതിൽ കുട്ടികളെ പിന്നിലാക്കുന്നത്.
- നിത്യ ജീവിതത്തിലെ സാമ്പത്തിക പ്രവർത്തനങ്ങളെ പോലും കുട്ടികൾക്ക് ധാരണ കുറവാണ്.
- സാമ്പത്തിക ശാസ്ത്രത്തെ കുട്ടികളുടെ ജീവിതാനുഭവങ്ങളുമായി ബന്ധിപ്പിക്കേണ്ടതുണ്ട്.
- ഇന്ത്യൻ ഭരണഘടനയുടെ പ്രത്യേകതകൾ കൂടുതൽ വ്യക്തതയോടെ കുട്ടികൾക്ക് നൽകേണ്ടതാണ്.
- വിമർശനാത്മകമായി വസ്തുതകളെ വിലയിരുത്തുന്നതിലും സ്വന്തം നിഗമനങ്ങൾ രേഖപ്പെടുത്തുന്നതിലും കുട്ടികൾ വളരെ പിന്നിലാണ്



# കുട്ടികളും പഠനനിലയും

## ഗണിതം

യു പി വിഭാഗത്തിൽ 9 ക്ലാസുകളിലും ഹൈസ്കൂൾ 10 9 ക്ലാസുകളിലും പ്രവർത്തനം നടന്നു. ചോദ്യപേപ്പർ സബ്ജക്ട് കൗൺസിൽ തയ്യാറാക്കി നൽകി. അഞ്ചു ചോദ്യങ്ങൾ ഓരോന്നിനും 5 അന്വേഷണങ്ങൾ വീതം നൽകിയാണ് വിലയിരുത്തൽ പ്രക്രിയ പൂർത്തിയാക്കിയത്

ശതമാനത്തിൽ

| ക്ലാസ് | അടിസ്ഥാന ശേഷികൾ ആർജ്ജിച്ചിട്ടുണ്ട് | ശതമാനം ഭിന്നസംഖ്യ എന്നിവയെക്കുറിച്ച് ധാരണ നേടിയിട്ടുണ്ട് | അക്കങ്ങളുടെ സ്ഥാനവില എന്നിവ ബോധ്യപ്പെട്ടിട്ടുണ്ട്. | കോണുകൾ, അളവ് തുടങ്ങിയ ആശയങ്ങൾ നേടിയിട്ടുണ്ട്. | ആർജ്ജിച്ച ഗണിത ആശയങ്ങൾ പ്രയോഗിക്കാനും പ്രശ്നങ്ങളെ നിർധാരണം ചെയ്യാനുള്ള കഴിവ് നേടിയിട്ടുണ്ട് |
|---|---|---|---|---|---|
| 5 | 40 | 63 | 54 | 49 | 50 |
| 6 | 47 | 67 | 54 | 47 | 38 |
| 7 | 42 | 50 | 55 | 48 | 42 |
| 8 | 40 | 36 | 36 | 42 | 32 |
| 9 | 40 | 41 | 48 | 51 | 40 |

- ഗണിതത്തിന്റെ പ്രാഥമിക ആശയങ്ങൾ ഉറപ്പിക്കേണ്ടതുണ്ട്.
- ഗണിതത്തിലെ ചതുഷ്ക്രിയകൾ പോലും കൃത്യതയോടെ ചെയ്യാൻ കഴിയുന്ന കുട്ടികളുടെ എണ്ണം കുറവാണ്

# സ്കൗട്ട്&ഗൈഡ്സ്

**30 സ്കൗട്ട് അംഗങ്ങൾ ഒരു സ്കൗട്ട് മാസ്റ്റർ**
**രണ്ട് രാജ്യപുരസ്കാർ 8 തൃതീയ സോപാൻ 12 ദ്വിതീയ സോപാൻ**
**8 പ്രഥമ സോപാൻ 8 പ്രഥമ സോപാൻ 2 റിക്രൂട്ട്സ് എന്നിവരാണ് അംഗങ്ങൾ**

## ലക്ഷ്യം

### 1. വിസ്ഡം ബോർഡ്

കുട്ടികളിൽ നിരീക്ഷണ പാടവം, ശ്രദ്ധ ,ജിജ്ഞാസ എന്നിവ വളർത്തുന്നതിനായി (അക്കാദമിക്ക് വർഷം) ബുള്ളറ്റിൻ ബോർഡിലൂടെ സ്കൗട്ടിങ്ങുമായി ബന്ധപ്പെട്ടവാർത്തകൾ സ്കൗട്ടിംഗ് പ്രതിജ്ഞ നിയമം തുടങ്ങിയവയിൽ ഊന്നിയുള്ള വിവിധ പ്രവർത്തനവുമായി ബന്ധപ്പെട്ട വാർത്ത, പത്രിക ,ചിത്രങ്ങൾ, ചാർട്ടുകൾ എന്നിവയുടെ പ്രദർശനം, അവയുടെ വിശദീകരണം.

### 2. പാത്ത് ഓഫ് ഫ്രീഡം

കുട്ടികളിൽ ദേശീയ ബോധം ,ധൈര്യം, കർത്തവ്യ ബോധം എന്നിവ വളർത്തിയെടുക്കുന്നതിന് സ്വാതന്ത്ര്യ ദിനം, റിപ്പബ്ലിക് ദിനം തുടങ്ങിയ ദിനാഘോഷങ്ങളിൽ പങ്കാളികളാകുക ഫ്ലാഗ് ഹോസ്റ്റിങ് സെറിമണി കുട്ടികൾ തന്നെ നിർവഹിക്കുക

### 3.വിങ്സ് ഓഫ് പെട്രോൾ (അക്കാദമിക്ക് വർഷം മുഴുവൻ)

സൗഹൃദ മനോഭാവം ,വ്യക്തിത്വ വികസനം, നേതൃപാടവം എന്നിവ കുട്ടികളിൽ വളർത്തുക.
ഓരോ ആഴ്ചയിലും നടക്കുന്ന പട്രോൾ മീറ്റിങ്ങുകളിൽ കളികൾ ,പാട്ടുകൾ, ഗെയിമുകൾ, ചൊല്ലുകൾ എന്നിവ ഉൾപ്പെടുത്തി പെട്രോൾ മീറ്റിങ്ങുകൾ നേതൃത്വം വികസന മീറ്റിങ്ങുകൾ ആക്കി മാറ്റുക

### 4. ഒരു കുട്ടപ്പൂവ് ഓണത്തിന്

പരിസ്ഥിതി സൗഹാർദ്ദ മനോഭാവം വളർത്തുക (ജൂലൈ മുതൽ സെപ്റ്റംബർ മാസം വരെ)
ബന്ദി വാടാമുല്ല തുടങ്ങിയ ചെടികളുടെ തൈകൾ ശേഖരിച്ച് ...
നടുവാനായി നൽകുന്നു കുട്ടികൾ തന്നെ അതിനെ പരിപാലിക്...

### 5 .കിച്ചൻ ഗാർഡൻ

തൃതീയ സോപാനിലെ കുട്ടികളുടെ നേതൃത്വത്തിൽ പച്ചക്കറി വ...
ശേഖരിച്ച് സ്കൂൾ ക്യാമ്പസിൽ തന്നെ കൃഷി ചെയ്യുന്നു (ജൂ...

### 6. സൗഹൃദ കൂട്ടായ്മ

ലഹരിക്കെതിരെ ബോധവൽക്കരണം സൃഷ്ടിക്കുക, ലഹരി വസ്തുക്കൾക്കെതിരെ ബോധവൽക്കരണം കുട്ടികളിൽ സൃഷ്ടിക്കുവാൻ സെമിനാറുകൾ മത്സരങ്ങൾ എന്നിവ ത്രിതിയ സോപാൻ കുട്ടികളുടെ നേതൃത്വത്തിൽ നടത്തുക.
ക്ലാസുകളിൽ ലഹരി ഉപയോഗം മൂലം ഉണ്ടാകുന്ന രോഗങ്ങളെ കുറിച്ച് ബോധവൽക്കരിക്കുക
പോസ്റ്ററുകൾ നിർമ്മിക്കുക സ്ലോഗൻസ് ഉണ്ടാക്കുക അവയെ സ്കൂൾതലത്തിൽ പ്രദർശിപ്പിക്കുക

### 7. ഗ്രീൻ ക്യാമ്പസ്

പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ദുഷ്യവശങ്ങൾ മനസ്സിലാക്കുന്നതിന് പ്ലാസ്റ്റിക് ഉപയോഗ മൂലം ഉണ്ടാകുന്ന ദോഷങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും പരിസ്ഥിതി സംരക്ഷണം, പരിസ്ഥിതി സൗഹൃദ മനോഭാവം എന്നിവ കുട്ടികളിൽ വളർത്തുക
പട്രോൾ മീറ്റിങ്ങുകൾ ട്രൂപ്പ് മീറ്റിങ്ങുകൾ എന്നിവയിൽ ക്യാമ്പസിലെ പ്ലാസ്റ്റിക് ശേഖരണം നടത്തി ഹരിത കർമ്മ സേനയെ ഏൽപ്പിക്കുന്നു

### 8.ഒറ്റക്കെട്ടായി

കുട്ടികൾക്ക് ഒത്തൊരുമയോടെ പ്രവർത്തിക്കുവാനും നേതൃപാടവം സ്വായത്തമാക്കാനും അവതരിപ്പിക്കുന്നതിനും ഉള്ള മനോഭാവം വളർത്തുക രാജ്യപുരസ്കാർ ,പ്രഥമ സോപാൻ, റിക്രൂട്ട് എന്നിവരെ ഒന്നിച്ചുകൂട്ടി പയനിയറിങ് പ്രോജക്ടിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ മോഡലുകൾ നിർമ്മിക്കുകയും അവയെ സ്കൂളിൽ പ്രദർശിപ്പിക്കുകയ ചെയ്യുക



# ജൂനിയർ റെഡ്ക്രോസ്സ്

JRC എന്നത് ജൂനിയർ റെഡ് ക്രോസ്സിനെ സൂചിപ്പിക്കുന്നു. റെഡ് ക്രോസ്സ് പ്രസ്ഥാനത്തിന്റെ വിദ്യാർത്ഥി വിഭാഗമാണിത്. സ്കൂളുകളിൽ രൂപീകരിക്കുന്ന ഒരു കൂട്ടായ്മയാണിത്.
ഇതിൽ അംഗങ്ങളായ വിദ്യാർത്ഥികളെ ജൂനിയേഴ്സ് എന്നു വിളിക്കുന്നു.
അവരെ നയിക്കുന്ന അധ്യാപകരെ കൗൺ സിലർമാർ എന്നു വിളിക്കുന്നു.
ഹൈസ്കൂൾ 93,
യുപി 60
എന്നിങ്ങനെ ആകെ 153 കുട്ടികൾ JRCയിൽ പങ്കാളികളാണ്.
രാജ്യത്തെ യുവാക്കളെ ശാക്തീകരിക്കുകയും ലോകസമാധാനത്തിനും
മനുഷ്യരാശിയുടെ ക്ഷേമത്തിനും സംഭാവന ചെയ്യാൻ അവരെ പ്രാപ്തരാക്കുകയുമാണ് ലക്ഷ്യം





# SPC

ബിഷപ്പ് ഹോഡ്ജസ് ഹയർ സെക്കൻഡറി സ്കൂളിൽ
2025-26 അധ്യയന വർഷം **SPC** യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു.
മൂല്യ ബോധമുള്ള തലമുറയെ വാർത്തെടുക്കുക എന്നതാണ് ഇതിൽ
കൂടി ലക്ഷ്യമിടുന്നത്. SPC മൂലം കുട്ടികളിൽ വ്യക്തിത്വ വികാസം
സാധ്യമാകുന്നു.SPC യൂണിറ്റിൽ 44 കുട്ടികളാണുള്ളത്.
ആഗസ്റ്റ് 2 SPC ദിനത്തിൽ മാവേലിക്കര SI ശ്രീ മധുസൂദനൻ മുഖ്യാതിഥി ആയിരുന്നു.
പതാക ഉയർത്തൽ ചടങ്ങിന് ശേഷം കുട്ടികളുടെ കലാപരിപാടികൾ നടത്തപ്പെട്ടു

## SPC യുടെ 10 കല്പനകൾ

1. ഞാൻ രാജ്യത്ത് നിലനിൽക്കുന്ന നിയമങ്ങളെ ബഹുമാനിക്കുകയും
സ്വമേധയാ അനുസരിക്കുകയും ചെയ്യുന്നു
2.ഞാൻ മറ്റുള്ളവരുടെ അവകാശങ്ങളെ ബഹുമാനിക്കുകയും അവ സംരക്ഷിക്കാൻ നിരന്തരം
പരിശ്രമിക്കുകയും ചെയ്യുന്നു
3. എൻറെ ശാരീരിക മാനസിക ക്ഷമത വർദ്ധിപ്പിക്കാൻ ഞാൻ സർവദാ പ്രയത്നിക്കുന്നു. അതിനു ദോഷം
വരുന്ന പ്രവർത്തനങ്ങളിൽ നിന്ന് വിട്ടുനിൽക്കുകയും
4. പ്രകൃതിയില്ലാതെ മനുഷ്യരില്ല വായു വെള്ളം മണ്ണ് തുടങ്ങിയ വിഭവങ്ങളെ ഞാൻ
5. സഹജീവി സ്നേഹം എൻറെ ധർമ്മമാണ് പ്രയാസങ്ങൾ നേരിടുന്നവരെയും ദുരന്തമുഖങ്ങളിൽ
അകപ്പെടുന്നവരെയും സഹായിക്കാൻ ഞാൻ തയ്യാറാണ്
6. ഞാൻ വൈവിധ്യങ്ങളെ ഉൾക്കൊള്ളുകയും അവയെ ആഘോഷിക്കുകയും ചെയ്യുന്ന
7. ഞാൻ ഇന്ത്യയെ സ്നേഹിക്കുന്നതോടൊപ്പം ആഗോള വീക്ഷണം വെച്ച് പുലർത്തുകയും
ചെയ്യുന്നു വർണ്ണ വർഗ്ഗ മത ഭാഷ വേഷങ്ങൾക്ക് അതീതമാണ് എൻറെ ചിന്തകൾ
8. ജനാധിപത്യം എന്റെ സംസ്കാരമാണ് അവകാശങ്ങളെ പോലെ തന്നെ എൻറെ കടമകളെ
കുറിച്ചും എനിക്ക് ബോധ്യമുണ്ട്
9. സമാനതകൾ ഇല്ലാത്ത വെല്ലുവിളികളും അവസരങ്ങളും നിറഞ്ഞതാണ് ഇരുപത്തിയൊന്നാം
10. ഞാനൊരു ചെയ്ഞ്ച് ലീഡറാണ് എന്നിൽ അന്തർലീനമായിട്ടുള്ള കഴിവുകളെ ഞാൻ
പരിപോഷിപ്പിക്കുകയും എനിക്ക് ചുറ്റുമുള്ള തിന്മകളിൽ നിന്ന് വിട്ടുനിൽക്കുകയും സമൂഹത്തിൽ
ഗുണപരമായ മാറ്റങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു
നൂറ്റ് അതിനൊത്ത നിപുണതകൾ സ്വായത്തമാക്കാൻ ഞാൻ പ്രതിജ്ഞാബദ്ധമാണ്





# ക്ലബ്ബുകൾ സംഘടനകൾ



- സയൻസ് ക്ലബ്
- ഗണിത ക്ലബ്ബ്
- സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്
- പ്രവർത്തി പരിചയ ക്ലബ്ബ്
- ലിറ്റിൽ കൈറ്റ്സ്
- എസ്. പി .സി
- ജൂനിയർ റെഡ് ക്രോസ്
- സ്കൗട്ട് & ഗൈഡ്സ്
- വിദ്യാരംഗം കലാസാഹിത്യവേദി
- വൈ .ഐ .പി
- റിലീജിയസ് ക്ലബ്ബ്





# പദ്ധതികൾ
# പ്രവർത്തനങ്ങൾ







## 1 കൗൺസലിങ്ങ് റൂം

അതിവേഗം വളരുന്ന കാലത്ത് തിരക്കും, പണവും പിരിമുറുക്കുമ്പോൾ എല്ലാ രംഗത്തും അപചയങ്ങൾ ഉണ്ടാകുന്നു. കുടുംബബന്ധങ്ങളിൽ അതിന് പ്രകടമാണ്. അയഞ്ഞ കുടുംബബന്ധങ്ങളാണ് ഇതിന്റെ പ്രധാന പ്രശ്നം. അത് സൃഷ്ടിക്കുന്ന മാനസിക സംഘർഷങ്ങൾ കുട്ടികളെ അലട്ടുന്നു. കുടുംബ ബന്ധങ്ങളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ അതിമമായി കുട്ടികളുടെ മാനസികാരോഗ്യത്തെ ബാധിക്കുന്നു. നിരന്തരം വീട്ടിൽ ഉണ്ടാകുന്ന വഴക്കുകൾ, മദ്യപാനം ഇവയൊക്കെ കുട്ടികളെയാണ് ആദ്യം ബാധിക്കുന്നത്. കുടുംബത്തിൽ നിന്ന് കുട്ടിക്ക് ലഭിക്കേണ്ട സ്നേഹവും സംരക്ഷണവും നഷ്ടമാകുമ്പോൾ കുട്ടി മറ്റ് സങ്കേതങ്ങൾ സ്വീകരിക്കുന്നു. മാതൃകയാവേണ്ട രക്ഷാകർത്താക്കൾ അതല്ലാതെ ആകുമ്പോൾ കുട്ടികൾ തെറ്റായ വഴിയിലൂടെ നടക്കുന്നു.മയക്കുമരുന്നുകൾ പിടിമുറുകുന്ന വാർത്തകൾ സജീവമാകുന്ന കാലത്ത് ഓരോ കുട്ടിയെയും ശരിയായി മനസ്സിലാക്കി ചേർത്തുനിർത്തി മുന്നോട്ടു പോകേണ്ടതാണ്. അവർക്ക് ആകെ ആശ്രയം അധ്യാപകർ മാത്രമാകുന്നു. വീടിനെക്കാൾ വിദ്യാലയം ആശ്വാസ കേന്ദ്രമായി കാണുന്ന കുട്ടികൾ കൂടുതലാകുന്ന കാലത്ത് ഓരോ കുട്ടിയും ആശ്വാസമാകാൻ അവർക്കൊപ്പം ഇരിക്കേണ്ടതുണ്ട്. അതിനായി കാൺസിലിംഗ് റൂം അത്യാവശ്യമാണ്. സെന്റിനറി കെട്ടിടത്തിൽ ഒരു മുറി അതിനായി തയ്യാറാക്കുന്നു.

ആകെ ചെലവ്- 2 ലക്ഷം

നിർമ്മാണ ചുമതല- പൂർവ വിദ്യാർത്ഥികൾ

## 2 ജൈവവൈവിധ്യ ഉദ്യാനം



പരിസ്ഥിതിയുടെ പ്രത്യേകതകളും പ്രാധാന്യവും കുട്ടികൾ
എത്തിക്കാൻ ജൈവവൈവിധ്യ പാർക്കുകൾ വിദ്യാലയ മുറ്റത്ത് ഒരുക്കുന്നു
ഔഷധസസ്യങ്ങൾ അപൂർവ്വ സസ്യങ്ങൾ
ജലലഭ്യത ഉറപ്പാക്കുന്നു
വിവിധ ക്ലാസുകൾക്ക് ഉത്തരവാദിത്തം നൽകുന്നു
കമ്പിവേലി തിരിച്ചു സംരക്ഷിക്കുന്നു
ചെലവ് 1 ലക്ഷം
പൂർവ്വ വിദ്യാർത്ഥികൾ

## 3 സൈക്കിൾ ഷെഡ്



800 കുട്ടികൾ പഠിക്കുന്ന വിദ്യാലയത്തിൽ 224 കുട്ടികൾ സൈക്കിളിലാണ് വരുന്നത് , ഇവരുടെ സൈക്കിളുകൾ ഭദ്രമായി സൂക്ഷിക്കാൻ സൈക്കിൾ ഷെഡ്
ചെലവ് 50000
പൂർവ്വ വിദ്യാർത്ഥികൾ

## 4 ഓഡിറ്റോറിയത്തിന്റെ നവീകരണം

നിലവിലുള്ള ഓഡിറ്റോറിയത്തിൽ നിരവധി പ്രശ്നങ്ങൾ ഉണ്ട്. കഠിനമായ ചൂട് സൗണ്ട് സിസ്റ്റർ പ്രശ്നം ചോർച്ച ഇവ അടിയന്തരമായി പരിഹരിക്കപ്പെടേണ്ടതുണ്ട്. ഇവ പരിഹരിച്ച് പെയിന്റ് അടിച്ചു ഓഡിറ്റോറിയം നവീകരിക്കേണ്ടതുണ്ട്.
ചെലവ് 5 ലക്ഷം
മാനേജ്മെന്റ്, പൂർവ്വ വിദ്യാർത്ഥികൾ









## 5 ഡൈനിങ് ഹാൾ

ഏകദേശം 300 ൽ അടുത്ത് കുട്ടികൾ ഉച്ചഭക്ഷണ പ്രോഗ്രാമിൽ പങ്കെടുക്കുന്നുണ്ട്.
നിലവിൽ 20*20 റൂം മാത്രമാണ് ഇതിനായി ഇപ്പോൾ ഉള്ളത്.എല്ലാ കുട്ടികളെയും ഒന്നിച്ചിരുത്തി ഭക്ഷണം കൊടുക്കാൻ കഴിയുന്ന ഒരു ഡൈനിങ് ഹാൾ നിർമ്മിക്കപ്പെടേണ്ടതുണ്ട്.
നിലവിൽ അഞ്ചാം ക്ലാസ് നിലനിൽക്കുന്ന കെട്ടിടത്തിന്റെ മുകളിൽ ഷീറ്റിട്ട് സജ്ജീകരിച്ചാൽ ഒരു മികച്ച ഡൈനിങ് ഹാൾ നിർമ്മിക്കാൻ കഴിയും.
മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ■ സാമൂഹ്യശാസ്ത്ര വിഷയപഠനം രസകരം ആക്കുക<br>■ നേരറിവിലൂടെ പഠനം<br>■ നിർമ്മാണ വൈഭവം കണ്ടെത്തുക | ■ ഓരോ ക്ലാസിലെയും പാഠഭാഗവുമായി ബന്ധപ്പെട്ട കുട്ടികൾ നിർമ്മിക്കുന്നു<br>■ അതിനുള്ള പരിശീലനം നൽകുന്നു | ■ സാമൂഹ്യശാസ്ത്ര കൗൺസിൽ | 5000രൂപ സാമൂഹ്യശാസ്ത്ര കൗൺസിൽ<br>**കാലാവധി**<br>■ വർഷം മുഴുവൻ |









# ശാസ്ത്രം

- ലോകത്തിലെ സമസ്ത മേഖലകളുടെയും പുരോഗതിക്കും ആധുനികവൽക്കരണത്തിനും സഹായകമായത് ശാസ്ത്രത്തിന്റെ വിവിധ മേഖലകളിലെ ഗവേഷണങ്ങളും കണ്ടെത്തലുകളുമാണ്. നിത്യജീവിതത്തിൽ ഒഴിച്ചുകൂടാൻ ആവാത്തതാണെന്ന ആധികാരികത നേടിയെടുക്കാൻ ശാസ്ത്രത്തിന് കഴിഞ്ഞിട്ടുണ്ട്. ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതെന്ന പേരിൽ തട്ടിപ്പിനിരയാവുന്നതുംസാങ്കേതികവിദ്യകളെ ശാസ്ത്രം എന്ന തെറ്റിദ്ധരിക്കുന്നതും ശാസ്ത്ര സാങ്കേതിക പദങ്ങൾ, വസ്തുതകൾ ആശയങ്ങൾ തത്വങ്ങൾഎന്നിവ ഹൃദ്യസ്ഥമാക്കുന്നതിൽ മാത്രമായി ശാസ്ത്ര പഠനം ഒതുങ്ങിപ്പോകുന്നതും സംഭവിക്കാൻ പാടില്ലാത്തതാണ്. കച്ചവടതാൽപര്യങ്ങൾക്കപ്പുറം മൂല്യബോധം സാങ്കേതികവിദ്യ കളുടെ നൈതികത ശാസ്ത്രത്തിന്റെ ഗുണഫലങ്ങൾ പങ്കിടുന്നതിലെ സാമൂഹിക നീതി തുടങ്ങിയവ ശാസ്ത്ര പാഠ്യപദ്ധതിയിൽ പരിഗണിക്കപ്പെടേണ്ടതുണ്ട്. സമൂഹത്തിന് ഗുണകരമായതേത് വർജിക്കപ്പെടേണ്ടതേത് എന്ന് ഏതാണെന്ന് നിശ്ചയിക്കാൻ കഴിയുന്ന തരത്തിലുള്ള സാമാന്യയുക്തിയും നീതിബോധവും ഉള്ള സമൂഹത്തെയാണ് ശാസ്ത്ര വിദ്യാഭ്യാസത്തിലൂടെ രൂപപ്പെടുത്താൻ കാലം ആവശ്യപ്പെടുന്നത്. പ്രപഞ്ചത്തെയും ജീവനെയും മനസ്സിലാക്കുന്നതിലും പ്രകൃതി നിയമങ്ങൾ അനാവരണം ചെയ്യുന്നതിലും മറ്റൊരു അന്വേഷണ പദ്ധതിയും ശാസ്ത്രത്തെ പോലെ വിജയിച്ചിട്ടില്ല. ശാസ്ത്രത്തിന്റെ രീതിശാസ്ത്രം സ്വായത്തം ആക്കുകയും ശാസ്ത്രീയ മനോഭാവ മാർജിക്കുകയും ചെയ്യാൻ കുട്ടികളെ സഹായിക്കുന്നതാകണം അടിസ്ഥാനശാസ്ത്ര വിദ്യാഭ്യാസം. ഇങ്ങനെ നിരന്തരമായ അന്വേഷണ പ്രക്രിയയ്ക്കും കണ്ടെത്തലുകളുടെ റിപ്പോർട്ടിംഗിനും ശാസ്ത്രസംവാദങ്ങൾക്കും പ്രതിവാദങ്ങൾക്കും വിദഗ്ധ പരിശോധനയ്ക്കും യാത്ര പ്രബന്ധങ്ങളും പ്രസിദ്ധീകരണങ്ങളും പ്രയോജനപ്പെടുത്തുന്നതിനും ശാസ്ത്രീയ മനോഭാവവും ശാസ്ത്രവും സ്വാഭാവികമായ രൂപപ്പെടുത്തുന്നതിനുമുള്ള അന്തരീക്ഷമാണ് ശാസ്ത്രബോധ്യ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. സാർവ ലൗകികത, സാമൂഹിക തലം ചരിത്രപശ്ചാത്തലം ഉദ്ഗ്രഥിതസ്വഭാവം, ക്രിയാത്മകതയും, ദുർവിനിയോഗസാധ്യതകളിൽ നിന്നുള്ള സംരക്ഷണം, നിരന്തരമായ മാറ്റം,ചലനാത്മകത, പ്രശ്നപരിഹാരം തുടങ്ങിയ ശാസ്ത്ര സവിശേഷതകൾ പ്രാവീണ്യം നേടാനുതകുന്നതും പ്രായോഗികമായ പഠനാന്തരീക്ഷം പ്രദാനം ചെയ്യുന്നതുമായ സ്പഷ്ടതയും കൃത്യതയും പാഠ്യപദ്ധതിക്കുണ്ടാകണം. ആയതിനാൽ യഥാർത്ഥ ശാസ്ത്രവും കപടശാസ്ത്രവും തമ്മിലുള്ള വൈരുദ്ധ്യം തിരിച്ചറിയുന്നതിന് സഹായിക്കുന്ന ഒരു ശാസ്ത്ര പാഠ്യപദ്ധതിക്കാണ് പ്രാധാന്യം നൽകേണ്ടത് . സമൂഹത്തെ സുസ്ഥിര വികസനാശീലങ്ങളിലേക്ക് നയിക്കുന്നതിന് ഇത് അത്യാവശ്യമാണ്. ഉള്ളടക്കത്തിനും പ്രക്രിയയ്ക്കും ഒപ്പം ശാസ്ത്ര സാക്ഷരത ലക്ഷ്യം വെച്ചുകൊണ്ടുള്ള പാഠ്യപദ്ധതിയാണ് നിലവിലുള്ളത്. എങ്കിലും ശാസ്ത്ര വിദ്യാഭ്യാസരംഗത്തെ പല പരിമിതികളും വെല്ലുവിളികളും നിലനിൽക്കുന്നുണ്ട്.



കെ .സി എഫ്





ബിഷപ്പ് ഹോഡ്ജസ്
ഹയർസെക്കണ്ടറി സ്കൂൾ
മാവേലിക്കര

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025

## യു.പി
## വിഭാഗം









## വിഷയം : ശാസ്ത്രം

### 1 ശാസ്ത്ര ലാബ് നവീകരിക്കൽ

മേഖല: ഭൗതികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ■ നിലവിലെ ലാബ് മാറിയ പാഠ പുസ്തകങ്ങൾക്കു<br>■ അനുസരണമായി നവീകരിക്കുക<br>■ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ശാസ്ത്ര പഠനത്തിന് അവസരം ഒരുക്കുക | ■ലാബിൽ നിലവിലുള്ള സംവിധാനങ്ങളെ വിലയിരുത്തുന്നു<br>■ പുതിയ പാഠ്യപദ്ധതിക്കാനുസരിച്ചു ശാസ്ത്ര ലാബിൽ വേണ്ട വിഭവങ്ങൾ ഒരുക്കുന്നു. | ■ ശാസ്ത്ര കൗൺസിൽ | 200000രൂപ<br>പൂർവവിദ്യാർത്ഥികൾ<br>■ കാലാവധി<br>2വർഷം |



## വിഷയം :ശാസ്ത്രം

### 2 പ്രകൃതി പഠനയാത്രകൾ

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ■ പ്രകൃതിയിലെ ശാസ്ത്ര തത്വങ്ങളെ കണ്ടെത്താൻ ശ്രമിക്കുന്നതിന്<br>■ ജീവിതനുഭവങ്ങളായി പഠനത്തെ പ്രയോഗിക്കുന്നതിന്<br>■ പരിസ്ഥിതി സംരക്ഷണത്തിന്റെ അനിവാര്യത തിരിച്ചറിയുന്നതിന് | ■ ഓരോ ക്ലാസിലും പാഠാശയങ്ങളുമായി ബന്ധിപ്പിച്ച് പ്രകൃതി പഠന യാത്രകൾ സംഘടിപ്പിക്കുന്നു.<br>■ പഠന യാത്ര റിപ്പോർട്ടുകൾ തയ്യാറാക്കുന്നു | ■ ശാസ്ത്ര കൗൺസിൽ | 2000രൂപ<br>ശാസ്ത്ര കൗൺസിൽ<br>കാലാവധി<br>■ വർഷത്തിൽ ഒന്ന് |



## വിഷയം : ശാസ്ത്രം

### 3 അറിയാം ശാസ്ത്ര പ്രതിഭകളെ

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ■ ശാസ്ത്ര പഠനം രസകരമാക്കുന്നതിന്<br>■ സ്വയം പഠനത്തിന് സാദ്ധ്യത നൽകുന്നതിന് | ■ അതതു ക്ലാസ്സിലെ പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര കാരൻമാരെ കണ്ടെത്തുന്നു<br>■അവരുടെ ജീവിതം,സംഭാവനകൾ എന്നിവ ഉൾചേർത്ത് കുറിപ്പുകൾ തയ്യാറാക്കുന്നു | ■ ശാസ്ത്ര കൗൺസിൽ | 1000രൂപ<br>ശാസ്ത്ര കൗൺസിൽ<br>കാലാവധി<br>■ വർഷം മുഴുവൻ |











## വിഷയം : ശാസ്ത്രം

### 4 ജൈവ വൈവിദ്ധ്യത്തിന്റെ ക്യാമ്പസ്

മേഖല: ഭൗതികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ■ ജൈവ വൈവിധ്യം തിരിച്ചറിയുന്നതിന്<br>■ . നേർപഠനത്തിന് അവസരം ഒരുക്കുന്നതിന് | ■ ക്യാമ്പസിൽ നിലവിൽ വളരുന്ന സസ്യങ്ങളുടെ പട്ടിക തയ്യാറാക്കുന്നു<br>■ അവയുടെ ശാസ്ത്രീയ നാമങ്ങൾ കണ്ടെത്തുന്നു<br>ഔഷധ സസ്യങ്ങൾ നട്ടു പരിപാലിക്കുന്നു<br>ഓരോ ക്ലാസിനും പരിപാലനത്തിന് ഉത്തരവാദിത്തം നൽകുന്നു | ■ ശാസ്ത്ര കൗൺസിൽ | 5000രൂപ<br>പൂർവവിദ്യാർത്ഥികൾ<br>■ കാലാവധി<br>2വർഷം |



## വിഷയം :ശാസ്ത്രം

### 5 ജലം. ജീവജലം

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ■ ജലസംരക്ഷണത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നതിന്<br>■ ശുദ്ധ ജല ലഭ്യത ഉറപ്പാക്കുന്നതിന് | ■ ഓരോ കുട്ടിയുടെയും വീട്ടിലെ ജലസ്രോതസ്സുകൾ കണ്ടെത്തുന്നു<br>ജല മലിനീകരണ മാർഗങ്ങൾ കണ്ടെത്തുന്നു<br>■ ജല ശുദ്ധീകരണ മാർഗങ്ങൾ സ്വീകരിക്കുന്നു | ■ ശാസ്ത്ര കൗൺസിൽ | 2000രൂപ<br>ശാസ്ത്ര കൗൺസിൽ<br>കാലാവധി<br>■ വർഷത്തിൽ രണ്ട് |



## വിഷയം : ശാസ്ത്രം

### 3 പ്ലാസ്റ്റിക് എന്ന വില്ലൻ

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ■ പ്ലാസ്റ്റിക് വരുത്തുന്ന പരിസ്ഥിതി പ്രശ്നങ്ങൾ തിരിച്ചറിയുന്നതിന്<br>■ പ്ലാസ്റ്റിക് സംസ്കരണത്തിന്റെ മാർഗങ്ങൾ സ്വീകരിക്കുന്നതിന് | ■ പ്ലാസ്റ്റിക് രഹിത ക്യാമ്പസ് നടപ്പിലാക്കുന്നു<br>■ പ്ലാസ്റ്റിക്കിനെതിരെ ബോധവത്കരണം<br>■ ബദൽ മാർഗങ്ങൾ സ്വീകരിക്കുന്നു | ■ ശാസ്ത്ര കൗൺസിൽ | 1000രൂപ<br>ശാസ്ത്ര കൗൺസിൽ<br>കാലാവധി<br>■ വർഷം മുഴുവൻ |







ബിഷപ്പ് ഹോഡ്ജസ്
ഹയർസെക്കണ്ടറി സ്കൂൾ
മാവേലിക്കര

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025

# ഹൈസ്കൂൾ

## വിഭാഗം







## വിഷയം : ശാസ്ത്രം

### 1 ശാസ്ത്രവും ജീവിതവും

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ▪ ജീവിതാനുഭവവുമായി ബന്ധിപ്പിച്ച് ശാസ്ത്ര പഠനം അനുഭവാധിഷ്ഠിത പഠനത്തിന്റെ സാധ്യത ഉപയോഗപ്പെടുത്തൽ | ▪ നിത്യ ജീവിതത്തിൽ ഉപയോഗിക്കാവുന്ന ശാസ്ത്രതന്നെ പ്രയോജന സാധ്യതകൾ തിരിച്ചറിയുന്നു അടുക്കളയിലെ രസതന്ത്രം ഭക്ഷണത്തിലെ ശാസ്ത്രീയത എന്നിവ കണ്ടെത്തി വിവരിക്കുന്നു | ▪ ശാസ്ത്ര കൗൺസിൽ | ▪ 500രൂപ ശാസ്ത്ര കൗൺസിൽ<br>**കാലാവധി**<br>▪ വർഷം മുഴുവൻ |



## വിഷയം : ശാസ്ത്രം

### 2 ശാസ്ത്ര മനസ്സ്

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ▪ ഗണിതത്തോട് കുട്ടികൾക്കുള്ള താല്പര്യക്കുറവ് കുറക്കുക ഗണിതത്തെ കളികളിലൂടെ അവതരിപ്പിക്കുക<br>▪ സംഘ പഠനത്തിന് അവസരം ഒരുക്കുക | ▪ 5 6 7 ക്ലാസുകളിലെ കുട്ടികളുടെ ശാസ്ത്ര അഭിരുചി വിലയിരുത്തുന്നു | ▪ ശാസ്ത്ര കൗൺസിൽ | ▪ 500രൂപ ഗണിത കൗൺസിൽ<br>**കാലാവധി**<br>▪ വർഷം മുഴുവൻ |



## വിഷയം : ശാസ്ത്രം

### 3 ശാസ്ത്ര മാഗസിൻ

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ▪ ശാസ്ത്ര വായനയെ പ്രോത്സാഹിപ്പിക്കുക<br>▪ ശാസ്ത്ര എഴുത്തുകൾ നടത്താൻ അവസരം<br>▪ ശാസ്ത്ര അഭിരുചി വളർത്തുക | ▪ ഓരോ മാസവും ഒരു ക്ലാസ് ശാസ്ത്ര മാഗസിൻ തയ്യാറാക്കുന്നു | ▪ ശാസ്ത്ര കൗൺസിൽ | 2000രൂപ ഗണിത കൗൺസിൽ<br>**കാലാവധി**<br>▪ ജൂൺ |







## വിഷയം : ശാസ്ത്രം

### 4 ജൈവ വൈവിദ്ധ്യത്തിന്റെ ക്യാമ്പസ്

മേഖല: ഭൗതികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ■ ജൈവ വൈവിധ്യം തിരിച്ചറിയുന്നതിന്<br>■ , നേർപഠനത്തിന് അവസരം ഒരുക്കുന്നതിന് | ■ ക്യാമ്പസിൽ നിലവിൽ വളരുന്ന സസ്യങ്ങളുടെ പട്ടിക തയ്യാറാക്കുന്നു<br>■ അവയുടെ ശാസ്ത്രീയ നാമങ്ങൾ കണ്ടെത്തുന്നു<br>ഔഷധ സസ്യങ്ങൾ നട്ടു പരിപാലിക്കുന്നു<br>ഓരോ ക്ലാസിനും പരിപാലനത്തിന് ഉത്തരവാദിത്തം നൽകുന്നു | ■ ശാസ്ത്ര കൗൺസിൽ | 50000രൂപ<br>പൂർവവിദ്യാർത്ഥികൾ<br>■ കാലാവധി<br>2വർഷം |



## വിഷയം :ശാസ്ത്രം

### 5 ജലം, ജീവജലം

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ■ ജലസംരക്ഷണത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നതിന്<br>■ ശുദ്ധ ജല ലഭ്യത ഉറപ്പാക്കുന്നതിന് | ■ ഓരോ കുട്ടിയുടെയും വീട്ടിലെ ജലസ്രോതസ്സുകൾ കണ്ടെത്തുന്നു<br>ജല മലിനീകരണ മാർഗങ്ങൾ കണ്ടെത്തുന്നു<br>■ ജല ശുദ്ധീകരണ മാർഗങ്ങൾ സ്വീകരിക്കുന്നു | ■ ശാസ്ത്ര കൗൺസിൽ | 2000രൂപ<br>ശാസ്ത്ര കൗൺസിൽ<br>കാലാവധി<br>■ വർഷത്തിൽ ഒന്ന് |



## വിഷയം : ശാസ്ത്രം

### 6 പ്ലാസ്റ്റിക് എന്ന വില്ലൻ

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ■ പ്ലാസ്റ്റിക് വരുത്തുന്ന പരിസ്ഥിതി പ്രശ്നങ്ങൾ തിരിച്ചറിയുന്നതിന്<br>■ പ്ലാസ്റ്റിക് സംസ്കരണത്തിന്റെ മാർഗങ്ങൾ സ്വീകരിക്കുന്നതിന് | ■ പ്ലാസ്റ്റിക് രഹിത ക്യാമ്പസ് നടപ്പിലാക്കുന്നു<br>■ പ്ലാസ്റ്റിക്കിനെതിരെ ബോധവത്കരണം<br>■ ബദൽ മാർഗങ്ങൾ സ്വീകരിക്കുന്നു | ■ ശാസ്ത്ര കൗൺസിൽ | 1000രൂപ<br>ശാസ്ത്ര കൗൺസിൽ<br>കാലാവധി<br>■ വർഷം മുഴുവൻ |







# ഗണിത ശാസ്ത്രം

ഗണിതശാസ്ത്രത്തിന്റെ അടിസ്ഥാന സ്വഭാവങ്ങളും രീതികളും മനുഷ്യന്റെ ആവശ്യങ്ങൾക്കും സാമൂഹ്യ സാഹചര്യങ്ങൾക്കും അനുസരിച്ച് കാലക്രമേണ പല ദേശങ്ങളിലായി രൂപം കൊണ്ട വയാണ്. ഈ വികാസത്തിന്റെ പ്രധാന ഘട്ടങ്ങൾ അറിഞ്ഞുകൊണ്ട് മാത്രമേ സാമൂഹ്യ അറിവ് നിർമ്മാണം എന്ന വീക്ഷണത്തിൽ ഊന്നിക്കൊണ്ടുള്ള പാഠ്യ ക്രമം സാധ്യമാവൂ. മനുഷ്യർക്ക് ആദ്യം ആവശ്യമായിരുന്ന ഗണിതം എണ്ണുക എന്നത് മാത്രമായിരുന്നു. ഇതിനായി എണ്ണൽ സംഖ്യകൾ ഉണ്ടാക്കി. കൃഷിയുടെ ആവശ്യങ്ങൾക്കായി നീളവും ഭാരവും എല്ലാം അളക്കേണ്ടി വന്നപ്പോൾ ഭിന്ന സംഖ്യകളും എല്ലാ നീളങ്ങളും അളക്കാൻ ഭിന്നസംഖ്യകൾ മതിയാകില്ലെന്ന് തിരിച്ചറിഞ്ഞപ്പോൾ അഭിന്നക സംഖ്യകൾ ഉണ്ടാക്കി. പലതരത്തിലുള്ള അളവുകൾ ചേർക്കുന്ന രീതികൾ ക്രിയ മാർഗങ്ങളുമായി. ഭൗതികവസ്തുക്കളെ ജ്യാമിതിയ രൂപങ്ങളായി ചിത്രീകരിക്കുന്നതിൽ നിന്ന് ജ്യാമിതിയും വികസിച്ചു വന്നു ഇങ്ങനെ കേവലം ആവശ്യങ്ങൾക്ക് വേണ്ടി രൂപപ്പെട്ട ഗണിതവും ഗണിതക്രിയകളും എന്തുകൊണ്ട് ശരിയാകുന്നു എന്ന ചിന്ത ആശയ പ്രധാനമായ തത്വചിന്തയിലേക്ക് തിരിയുന്നതിന് അവസരമൊരുക്കി. അങ്ങനെ നേർ അനുഭവങ്ങൾക്കും ഭൗതികമായ കാര്യകാരണ ബന്ധങ്ങൾക്കുമപ്പുറം കേവലാശയങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന യുക്തി ബോധം ഗണിതത്തിന്റെ രീതിശാസ്ത്രമായി. ഇതോടൊപ്പം മറ്റു ശാസ്ത്ര വിഷയങ്ങളിലും ഗണിത മുപയോഗിക്കുന്ന രീതി ശക്തമായി.തുടർന്ന് ഭൗതിക പ്രതിഭാസങ്ങൾ വിശകലനം ചെയ്യുന്നതിന് ആവശ്യമായ ഗണിതവും രൂപപ്പെട്ടു. ഇങ്ങനെ എല്ലാ ശാസ്ത്ര വിഷയങ്ങളിലും ഗണിതത്തിന്റെ സ്വാധീനം പ്രബലമായി.

കെ.ജി.എഫ്



**ബിഷപ്പ് ഹോഡ്ജസ്**
**ഹയർസെക്കണ്ടറി സ്കൂൾ**
**മാവേലിക്കര**

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025

# യു.പി

## വിഭാഗം







**വിഷയം : ഗണിതം**

## 1 ഉറപ്പിക്കണം അടിസ്ഥാനത്തെ

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ■ അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക<br>■ "ഗണിത പഠനം അനായാസമാക്കുക | ■ അടിസ്ഥാന ഗണിതക്രിയകൾ ഉറക്കാത്ത കുട്ടികളെ കണ്ടെത്തുന്നു<br>■ പരിഹാര ബോധനം നടത്തുന്നു | ■ ഗണിതം കൗൺസിൽ | 1000രൂപ പൂർവവിദ്യാർത്ഥികൾ<br>■ കാലാവധി<br>വർഷം മുഴുവൻ |



**വിഷയം : ഗണിതം**

## 2 ഗണിതവും ജീവിതവും

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ■ ഗണിതത്തെ ജീവിതവുമായി ബന്ധിപ്പിക്കുന്നു<br>■ തന്റെ പരിസരവുമായി ബന്ധിപ്പിച്ച് ഗണിത പഠനം നടത്തുന്നു | ■ ഗണിതത്തിന്റെ പ്രധാന മേഖലകൾ ശരിയായ പ്രയോഗത്തിലൂടെ ഗണിത പ്രക്രിയകൾ വിശദീകരിക്കുന്നു<br>■ നിത്യ ജീവിതത്തിൽ ഗണിതം അവതരിപ്പിക്കുന്നു | ■ ഗണിത കൗൺസിൽ | 2000രൂപ ഗണിത കൗൺസിൽ<br>കാലാവധി<br>■ വർഷം മുഴുവൻ |



**വിഷയം : ഗണിതം**

## 3 സാങ്കേതികവിദ്യയും ഗണിതവും

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ■ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഗണിത പഠനം എളുപ്പത്തിൽ ആക്കുന്നു<br>■ ഗണിത പഠനം കാലോചിതമായി പരിഷ്കരിക്കുന്നു | ■ ഗണിത ആശയങ്ങളെ സാങ്കേതികവിദ്യയിലൂടെ അവതരിപ്പിക്കുന്നു<br>■ ഐ.സി.ടി സാധ്യതകൾ പ്രയോഗിക്കുന്നു.<br>■ പാഠാശയങ്ങളെ നൂതന സാങ്കേതികവിദ്യയിലൂടെ അവതരിപ്പിക്കുന്നു | ■ ഗണിത കൗൺസിൽ | 1000രൂപ ഗണിത കൗൺസിൽ<br>കാലാവധി<br>■ വർഷം മുഴുവൻ |









**അക്കാദമിക മാസ്റ്റർ പ്ലാൻ 2025**



## വിഷയം : ഗണിതം

### 4 ഉറപ്പിക്കണം അടിസ്ഥാനത്തെ

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ■ നിലവിലെ ഗണിതലാബ് പുതിയപാഠ്യ പദ്ധതിക്ക് അനുസരിച്ച് നവീകരിക്കുന്നതിന്<br>■ ഗണിത പഠനം ശാസ്ത്രീയമാക്കുന്നതിന് | ■ പുതിയ പാഠപുസ്തകം ആശയങ്ങൾ ഉൾചേർത്ത് ഗണിതശാസ്ത്രലാബ് നവീകരിക്കുന്നു.<br>■ പഠനോപകരണങ്ങൾ തയ്യാറാക്കുന്നു<br>■ സാങ്കേതികവിദ്യയിലൂടെ ഗണിത പഠനസാധ്യത ഉൾചേർക്കുന്നു | ■ ഗണിതം കൗൺസിൽ | 20000രൂപ പൂർവവിദ്യാർത്ഥികൾ<br>■ കാലാവധി<br>വർഷം മുഴുവൻ |



## വിഷയം : ഗണിതം

### 5 ഗണിതവും ജീവിതവും

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ■ ഗണിതത്തെ ജീവിതവുമായി ബന്ധിപ്പിക്കുന്നു<br>■ തന്റെ പരിസരവുമായി ബന്ധിപ്പിച്ച് ഗണിത പഠനം നടത്തുന്നു | ■ ഗണിതത്തിന്റെ പ്രധാന മേഖലകൾ ശരിയായ പ്രയോഗത്തിലൂടെ ഗണിത പ്രക്രിയകൾ വിശദീകരിക്കുന്നു<br>■ നിത്യ ജീവിതത്തിൽ ഗണിതം അവതരിപ്പിക്കുന്നു | ■ ഗണിത കൗൺസിൽ | 2000രൂപ ഗണിത കൗൺസിൽ<br>കാലാവധി<br>■ വർഷം മുഴുവൻ |



## വിഷയം : ഗണിതം

### 6 സെമിനാറുകൾ

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ■ സ്വയം പഠനത്തിൻറെ സാധ്യത കണ്ടെത്തുന്നു<br>■ വിശദവും വിശാലവുമായ പഠനത്തിന് അവസരം നൽകുന്നു | ■ വിവിധ ഗണിത വിഷയങ്ങളെ മുൻനിർത്തിസെമിനാറുകൾ സംഘടിപ്പിക്കുന്നു<br>■ ഓരോ ക്ലാസിനും വ്യത്യസ്തമായ വിഷയങ്ങൾ<br>■ ഓരോ ടേമിലും ഒരു സെമിനാർ | ■ ഗണിത കൗൺസിൽ | 1000രൂപ ഗണിത കൗൺസിൽ<br>കാലാവധി<br>■ വർഷം മുഴുവൻ |



ബിഷപ്പ് ഹോഡ്ജസ്
ഹയർസെക്കണ്ടറി സ്കൂൾ, മാവേലിക്കര









## വിഷയം : ഗണിതം

### 7 ഗണിത മാഗസിൻ

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ■ ഗണിത പഠനം രസകരമാക്കുന്നു<br>■ രചനാവൈഭവം വളർത്തുന്നു<br>■ സാങ്കേതികവിദ്യയുടെ പ്രയോഗം | ■ ഓരോ ക്ലാസും ഓരോ മാഗസിൻ നിർമ്മിക്കുന്നു<br>■ ഗണിത ആശയങ്ങൾ കണ്ടെത്തലുകൾ ഗണിതശാസ്ത്രകാരന്മാർ , പസിലുകൾ തുടങ്ങിയ ഗണിത ആശയങ്ങൾ ഉൾച്ചേർക്കുന്നു | ■ ഗണിതം കൗൺസിൽ | 2000രൂപ പൂർവവിദ്യാർത്ഥികൾ<br>■ കാലാവധി<br>വർഷം മുഴുവൻ |



## വിഷയം : ഗണിതം

### 6 ഗണിത പ്രോജക്ടുകൾ

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ■ കണ്ടെത്തൽ പഠനത്തിനും സ്വയം പഠനത്തിനും അവസരം ഒരുക്കുന്നതിന്<br>■ അന്വേഷണാത്മകപഠനം | ■ ഒരു ക്ലാസ്സിൽ ഒരു വർഷം ഒരു പ്രോജക്ട് പ്രവർത്തനം നൽകുന്നു<br>■ ദത്തശേഖരണം വിശകലനം നിഗമനം രൂപപ്പെടുത്തൽ നിഗമനം രൂപപ്പെടുത്തൽ നിർദ്ദേശങ്ങൾ അവതരിപ്പിക്കൽ എന്നി പ്രവർത്തനങ്ങൾ നടത്തുന്നു | ■ ഗണിത കൗൺസിൽ | 2000രൂപ ഗണിത കൗൺസിൽ<br>കാലാവധി<br>■ വർഷം മുഴുവൻ |



## വിഷയം : ഗണിതം

### 8 മഞ്ചാടി കുന്നുകൾ

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ■ ഗണിതപഠനം രസകരമാക്കുക<br>■ നിർമ്മാണ ശേഷി വളർത്തുക<br>■ അനുഭവാധിഷ്ഠിത പഠനം | ■ ഗണിതരൂപങ്ങൾ നിർമ്മിക്കുന്നു<br>■ അതിലെ ഗണിത ആശയങ്ങൾ കണ്ടെത്തുന്നു | ■ ഗണിത കൗൺസിൽ | 1000രൂപ ഗണിത കൗൺസിൽ<br>കാലാവധി<br>■ വർഷം മുഴുവൻ |







ബിഷപ്പ് ഹോഡ്ജസ്
ഹയർസെക്കണ്ടറി സ്കൂൾ
മാവേലിക്കര

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025



# ഹൈസ്കൂൾ
## വിഭാഗം





**വിഷയം : ഗണിതം**

## 1 എണ്ണി തുടങ്ങാം

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ■ ഓരോ ക്ലാസിലും കുട്ടി സ്വാംശീകരിക്കേണ്ട ആശയങ്ങൾ എത്രത്തോളം നേടിയെടുത്തു എന്ന് കണ്ടെത്തൽ | ■ 5,6,7 ക്ലാസിലെ ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട് നൽകിയിരിക്കുന്ന പഠന വിഷയങ്ങൾ കണ്ടെത്തുന്നു ഓരോ ക്ലാസിലെയും കുട്ടി ആർജിക്കേണ്ട ശേഷി നൈപുണി അറിവ് എന്നിവ നിർണയിക്കുന്നു | ■ ഗണിതം കൗൺസിൽ | ■ 500രൂപ<br>**കാലാവധി**<br>■ ജൂൺ |



**വിഷയം : ഗണിതം**

## 2 ഗണിത ലാബ്

മേഖല: ഭൗതികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ■ പരീക്ഷണങ്ങളിലൂടെ ഗണിതശാസ്ത്ര ആശയങ്ങൾ സാംശീകരിക്കാൻ അവസരം ഒരുക്കുക. നിർമ്മാണ പ്രവർത്തനത്തിലൂടെ<br>■ ഗണിത പഠനത്തിൽ അവസരം ഒരുക്കുക | ■ ഗണിത ലാബിന് ഉതകുന്ന മുറി കണ്ടെത്തുന്നു. ഗണിത രൂപങ്ങൾ,ഗണിത ശാസ്ത്രകാരന്മാർ ചിത്രങ്ങൾ, ഗണിത പരീക്ഷണത്തിന് ഉതകുന്ന വസ്തുക്കൾ, ഗണിതശാസ്ത്ര പുസ്തകങ്ങൾ എന്നിവ ഒരുക്കുന്നു എല്ലാ ആഴ്ചയിൽ ഒരു തവണയെങ്കിലും കുട്ടികൾക്ക് ലാബ് സന്ദർശനം ഒരുക്കുന്നു | ■ ഗണിത കൗൺസിൽ | ■ 50000രൂപ പിറ്റിഎ<br>**കാലാവധി**<br>■ 3വർഷം |



**വിഷയം : ഗണിതം**

## 3 ഗണിത പാർക്ക്

മേഖല: ഭൗതികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ■ ഗണിതത്തോട് കുട്ടികൾക്ക് താല്പര്യം ഉറപ്പിക്കുന്നു<br>■ സംഘപഠനസാധ്യതയുടെ ഉപയോഗം | ■ വിദ്യാലയത്തിന് മുൻപിൽ ഗണിത രൂപങ്ങൾ നിർമ്മിക്കുന്നു ചെടികൾ ഗണിത രൂപത്തിൽ<br>■ ക്രമീകരിക്കുന്നു | ■ ഗണിത കൗൺസിൽ | 50000രൂപ പൂർവ്വവിദ്യാർത്ഥികൾ<br>**കാലാവധി**<br>■ വർഷം മുഴുവൻ |









**വിഷയം : ഗണിതം**

## 4 കലണ്ടർ നിർമ്മാണം

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ▪ വരുന്ന 50 വർഷത്തെ കലണ്ടർ രൂപപ്പെടുത്തുന്നു അതിലൂടെ ഗണിത പഠനം | ▪ 2020 മുതൽ 2070 (ക്രിസ്തുവർഷം )വരെയുള്ള കലണ്ടർ തയ്യാറാക്കുന്നു. അധിവർഷങ്ങൾ ആശയം വിശദീകരിക്കുന്നു | ▪ ഗണിതം കൗൺസിൽ | ▪ 500രൂപ<br>**കാലാവധി**<br>▪ ജൂൺ |



**വിഷയം : ഗണിതം**

## 5 ഗണിതം കളിയും ചിരിയും

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ▪ ഗണിതത്തോട് കുട്ടികൾക്കുള്ള താല്പര്യക്കുറവ് കുറക്കുക ഗണിതത്തെ കളികളിലൂടെ അവതരിപ്പിക്കുക<br>▪ സംഘ പഠനത്തിന് അവസരം ഒരുക്കുക | ▪ പേപ്പർ, മറ്റ് വസ്തുക്കൾ എന്നിവ ഉപയോഗിച്ച് തയ്യാറാക്കുന്ന കളികളിലൂടെ ഗണിതാശയങ്ങൾ അവതരിപ്പിക്കുന്നു. പസിലുകൾ, ഉത്തരം കണ്ടെത്താമോ, പദപ്രശ്നം തുടങ്ങിയ കളികളിലൂടെ ഗണിതാശയങ്ങൾ അവതരിപ്പിക്കുന്നു. പഠനപ്രവർത്തനം വിലയിരുത്തൽ കളികളിലൂടെ | ▪ ഗണിത കൗൺസിൽ | ▪ 500രൂപ ഗണിത കൗൺസിൽ<br>**കാലാവധി**<br>▪ വർഷം മുഴുവൻ |



**വിഷയം : ഗണിതം**

## 6 ഗണിത രൂപങ്ങൾ

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ▪ ഗണിത വിഷയത്തോട് താൽപര്യം ജനിപ്പിക്കുക.<br>▪ ഗണിത രൂപങ്ങൾ നിർമ്മിക്കാനുള്ള ശേഷി വികസിപ്പിക്കുക. | ▪ ഓരോ ക്ലാസിലും പഠിക്കുന്ന ഗണിത രൂപങ്ങളെ കണ്ടെത്തുന്നു -ഓരോ ഗണിത രൂപങ്ങളും<br>▪ നിർമ്മിക്കാനുള്ള പരിശീലനം നൽകുന്നു. -ഓരോ ഗണിത രൂപത്തിനും ഉൾച്ചേർന്നിരിക്കുന്ന ഗണിത ആശയങ്ങൾ കണ്ടെത്തുന്നു | ▪ ഗണിത കൗൺസിൽ | 500രൂപ ഗണിത കൗൺസിൽ<br>**കാലാവധി**<br>▪ വർഷം മുഴുവൻ |



# കലാ വിദ്യാഭ്യാസം











കലാ വിദ്യാഭ്യാസം

സർഗാത്മക ആവിഷ്കാരത്തിന്റെ ബഹുമുഖരൂപമായ കലകൾ ആശയങ്ങളുടെയും വികാരങ്ങളുടെയും ചിന്തകളുടെയും സംവേദന മാധ്യമമാണ്. ചിത്രകല, ശില്പകല സംഗീതം നൃത്തം, നാടകം ,സിനിമ എന്നിങ്ങനെയുള്ള വ്യത്യസ്ത രൂപങ്ങളിൽ മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളെയും ഉൾക്കൊള്ളുകയും ആവിഷ്കരിക്കുകയും ചെയ്യുന്നു. മനുഷ്യസംസ്കാരം രൂപപ്പെടുത്തുന്നതിൽ കലകൾ പ്രധാനമായ പങ്ക് വഹിച്ചിട്ടുണ്ട്. ചിന്തകൾ , വികാരങ്ങൾ എന്നിവ പങ്കുവയ്ക്കുന്നതിനും സമൂഹത്തിന്റെയും വ്യക്തിയുടെയും ആശയങ്ങളെ പ്രതിഫലിപ്പിക്കുന്നതിനും മാധ്യമാകുന്ന കലകൾക്ക് വിദ്യാഭ്യാസത്തിൽ നിർണായക പങ്കുണ്ട്. കലാപ്രവർത്തനങ്ങൾ ഏർപ്പെടുമ്പോൾ കുട്ടികൾക്ക് സർഗാത്മകത വികസിപ്പിക്കാനും ചുറ്റുമുള്ള ലോകത്തെ നന്നായി മനസ്സിലാക്കാനും കഴിയുന്നു. കുട്ടികൾക്ക് അവരുടെ ആശയങ്ങൾ ആവിഷ്കരിക്കാൻ ഉള്ള ഒരു മാർഗം കൂടിയാണ് കലകൾ. വികാരങ്ങൾ ,ചിന്തകൾ ,അനുഭവങ്ങൾ എന്നിവ പങ്കിടാൻ കലയിലൂടെ കഴിയും. ഇത് അവരുടെ ആത്മവിശ്വാസവും സ്വയം പ്രകടനവും മെച്ചപ്പെടുത്താൻ സഹായിക്കുന്നു. കലകളിലൂടെ കുട്ടികൾക്ക് വ്യത്യസ്ത സംസ്കാരങ്ങളെ കുറിച്ചും ചരിത്രത്തെ കുറിച്ചും ആഴത്തിൽ മനസ്സിലാക്കാൻ കഴിയും. ഇതുവഴി അവരുടെ വിമർശനാത്മക ചിന്തയും സർഗാത്മകതയും മെച്ചപ്പെടും. വ്യത്യസ്ത ജീവിത അനുഭവങ്ങൾ പകർന്നു നൽകുന്ന കലാരൂപങ്ങൾ കുട്ടികളിൽ മാനവിക മൂല്യങ്ങൾ വളർത്തും. വൈവിധ്യമാർന്ന കലാമേഖലകളിൽ സ്വതന്ത്രവും മൗലികവുമായ ആവിഷ്കാരങ്ങൾ നടത്തുന്നതിനുള്ള അവസരങ്ങൾ വിദ്യാലയങ്ങൾ ഒരുക്കേണ്ടതിന്റെ പ്രസക്തി വളരെ വലുതാണ്.

കെ .സി ഏഫ്





ബിഷപ്പ് ഹോഡ്ജസ്
ഹയർസെക്കണ്ടറി സ്കൂൾ
മാവേലിക്കര

**അക്കാദമിക
മാസ്റ്റർ
പ്ലാൻ
2025**

# ഹൈസ്കൂൾ
## വിഭാഗം








## വിഷയം : കലാവിദ്യാഭ്യാസം

**1**

മേഖല: അക്കാദമികം

**ലക്ഷ്യം**
- കുട്ടികളിലെ കലാ വാസനയെ പരിപോഷിപ്പിക്കുക

**പ്രവർത്തനം**
- നൃത്തം,സംഗീതം, അഭിനയം ഇവയുടെ പരിശീലനത്തിനായി കലാസമിതി രൂപീകരിച്ചു പരിശീലനം നൽകുന്നു

**സംഘാടനം**
- ആർട്സ് ക്ലബ്

**സാമ്പത്തികം**
- P T A

**കാലാവധി**
- അവധിദിവസം



## വിഷയം : കലാവിദ്യാഭ്യാസം

മേഖല: അക്കാദമികം

**2**

**ലക്ഷ്യം**
- ചിത്രകലയിൽ പ്രാവീണ്യം നേടുക

**പ്രവർത്തനം**
- മധ്യവേനൽ അവധിക്കാലത്ത് ചിത്ര രചനാ പരിശീലനം നൽകുക

**സംഘാടനം**
- ആർട്സ് ക്ലബ്

**സാമ്പത്തികം**
- സ്പോൺസർഷിപ്പ്

**കാലാവധി**
- അവധിദിവസം



## വിഷയം : കലാവിദ്യാഭ്യാസം

**3**

**ലക്ഷ്യം**
- കലാഭ്യാസത്തിനായുള്ള കൂടുതൽ അറിവ് നേടുന്നതിനായി പ്രമുഖരെ പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകളിലൂടെ കലാകാരന്മാരെ പരിചയപ്പെടൽ

**പ്രവർത്തനം**
- പ്രാദേശികരായുള്ള പ്രതിഭകളെ കണ്ടെത്തി ശിൽപശാലകൾക്ക് വേണ്ട ക്രമീകരണങ്ങൾ ചെയ്യുക

**സംഘാടനം**
- ആർട്സ് ക്ലബ്

**സാമ്പത്തികം**
- സ്പോൺസർഷിപ്പ്

**കാലാവധി**
- വർഷത്തിൽ ഒരുദിനം



## വിഷയം : കലാവിദ്യാഭ്യാസം

**4**

മേഖല: അക്കാദമികം

**ലക്ഷ്യം**
- ആർട്ട് ഗാലറി
- കലോത്സവം

**പ്രവർത്തനം**
- കുട്ടികൾ വരച്ച ചിത്രങ്ങൾ നിർമിക്കുന്ന കലാരൂപങ്ങളുടെ മിനിയേച്ചർ രൂപങ്ങൾ, സംഗീത വാദ്യങ്ങൾ, സംഗീത ഗ്രന്ഥങ്ങൾ ഇവ ക്രമീകരിക്കുന്നു
- ആർട്ട് ഗാലറിക്കായി സ്കൂളിലെ ഒരു മുറി സജ്ജീകരിക്കുന്നു
- സംഗീതവും നാടകവും സിനിമയും ഒക്കെ ആസ്വദിക്കുന്നതിനായി പ്രൊജക്ടർ സംവിധാനവും ക്രമീകരിക്കുന്നു.
- ക്ലാസ്സ് മുറി സജ്ജമാക്കി കലോത്സവ പരിശീലനങ്ങൾക്കും വിനിയോഗിക്കുന്നു

**സംഘാടനം**
- ആർട്സ് ക്ലബ്

**സാമ്പത്തികം**
- സ്പോൺസർഷിപ്പ്

**കാലാവധി**
- 2 വർഷം



# ആരോഗ്യ കായിക പഠനം

എല്ലാ കുട്ടികളെയും മാനസികവും ശാരീരികവും സാമൂഹ്യവുമായ തലങ്ങളിൽ പൂർണ്ണ ആരോഗ്യ മുള്ളവരായി വളർത്തിയെടുക്കുക യെന്നത് വിദ്യാഭ്യാസത്തിന്റെ സുപ്രധാന ലക്ഷ്യങ്ങളി ലൊന്നാണ്.ആരോഗ്യ കായിക ക്ഷമതയുള്ളവരായി മാറുക എന്നതിനർത്ഥം രാക്ഷനിർമ്മാണ പ്രക്രിയയിൽ ഓരോരുത്തരും പങ്കാളിയാവുകയും വ്യക്തിഗതമായി ആവശ്യങ്ങളുടെ സംസ്കാരം ഉൾക്കൊള്ളുകയും ചെയ്യുക എന്നത് കൂടിയാണ്. ജ്ഞാന സമൂഹത്തിന്റെ ഭാഗമെന്ന നിലയിൽ ആരോഗ്യ കായിക വിദ്യാഭ്യാസം ജീവിത ആരംഭം മുതൽ രക്ഷ ബോധത്തോടെ നിർവഹിക്കേണ്ടതുണ്ട്. പദ്ധതിയുടെ സമഗ്ര കാഴ്ചപ്പാടിൽ മികച്ച ആരോഗ്യ കായിക ബോധമുള്ളവർ ആക്കി മാറ്റാനാവശ്യമായ സർഗാത്മക പഠന പ്രക്രിയകൾ രൂപീകരിക്കണം. പ്രതിരോധ ആരോഗ്യമെന്ന് പ്രഖ്യാപിത ലക്ഷ്യത്തിന് ഊന്നൽ നൽകിയാകണം ഓരോ ഘട്ടത്തിലെയുംപഠന തന്ത്രങ്ങൾ ഹ വികസിപ്പിക്കേണ്ടത്.

കെ .സി .എഫ്






**ബിഷപ്പ് ഹോഡ്ജസ്**
**ഹയർസെക്കണ്ടറി സ്കൂൾ**
**മാവേലിക്കര**


# അക്കാദമിക മാസ്റ്റർ പ്ലാൻ 2025

# ഹൈസ്കൂൾ

## വിഭാഗം





## വിഷയം : ആരോഗ്യം കായികം

### 1 സൂംബാ ഡാൻസ്

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ▪ എല്ലാ കുട്ടികൾക്കും വ്യായാമം കളികൾ എന്നിവയിലൂടെ കായിക ആരോഗ്യക്ഷമത ഉറപ്പാക്കുക | ▪ സുംബാ ഡാൻസ് പരിശീലിപ്പിക്കുന്നു<br>▪ ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ അവതരിപ്പിക്കുന്നു | ▪ കായിക കാൺസിൽ | 1000രൂപ കായിക കൗൺസിൽ<br>▪ കാലാവധി<br>വർഷം മുഴുവൻ |



## വിഷയം : ആരോഗ്യം കായികം

### 2 സൈക്ലിംഗ്

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ▪ . എല്ലാ കുട്ടികൾക്കും വ്യായാമം കളികൾ എന്നിവയിലൂടെ കായിക ആരോഗ്യക്ഷമത ഉറപ്പാക്കുക | ▪ സൈക്കിളിങ്ങിന്റെ പ്രാധാന്യത്തെ കുറിച്ച് വിശദീകരിക്കുന്നു<br>▪ അതിൽ പരിശീലനം നൽകുന്നു | ▪ കായിക കൗൺസിൽ | 2000രൂപ കായികകൗൺസിൽ<br>കാലാവധി<br>▪ വർഷം മുഴുവൻ |



## വിഷയം : ആരോഗ്യം കായികം

### 3 എൻറെ ജീവനാണ് എനിക്ക് ഏറ്റവും വലുത്

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ▪ എല്ലാ കുട്ടികൾക്കും വ്യായാമം കളികൾ എന്നിവയിലൂടെ കായിക ആരോഗ്യക്ഷമത ഉറപ്പാക്കുക | ▪ ശാസ്ത്രീയമായ ആരോഗ്യ ശീലങ്ങൾ വളർത്തുക<br>▪ ആഹാരം ആരോഗ്യം പഠന ക്ലാസ് | ▪ ആരോഗ്യ കൗൺസിൽ | 1000രൂപ ആരോഗ്യകൗൺസിൽ<br>കാലാവധി<br>▪ വർഷം മുഴുവൻ |















## വിഷയം : ആരോഗ്യം കായികം

### 4 മാലിന്യരഹിത ക്യാമ്പസ്

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ▪ ക്യാമ്പസിനെ വൃത്തിയായി സൂക്ഷിക്കുന്നതിന് | ▪ ക്യാമ്പസ് പ്ലാസ്റ്റിക് രഹിതമാക്കുന്നു<br>▪ ജൈവമാലിന്യങ്ങൾ അജൈവമാലിന്യങ്ങൾ എന്നിവ പ്രത്യേകം നിക്ഷേപിക്കാൻ കഴിയുന്ന സംവിധാനങ്ങൾ | ▪ ആരോഗ്യ കൗൺസിൽ | 1000രൂപ ആരോഗ്യ കൗൺസിൽ<br>▪ കാലാവധി<br>വർഷം മുഴുവൻ |



## വിഷയം : ആരോഗ്യം കായികം

### 5 പകർച്ചവ്യാധികൾ പടരുമ്പോൾ

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ▪ . ശാസ്ത്രീയമായ ആരോഗ്യ ശീലങ്ങൾ | ▪ പഠന ക്ലാസ് വിദഗ്ധ ആരോഗ്യ പ്രവർത്തകർ ഒരുക്കുന്ന ക്ലാസ് | ▪ ആരോഗ്യ കൗൺസിൽ | 2000രൂപ ആരോഗ്യ കൗൺസിൽ<br>കാലാവധി<br>▪ വർഷം മുഴുവൻ |



## വിഷയം : ആരോഗ്യം കായികം

### 6 മനസ്സ് ആരോഗ്യം

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ▪ ശാസ്ത്രീയമായ ആരോഗ്യ ശീലങ്ങൾ മാനസിക പിന്തുണ കുട്ടികൾക്ക് | ▪ കൗൺസിലിംഗ് ക്ലാസ് | ▪ ആരോഗ്യ കൗൺസിൽ | 1000രൂപ ആരോഗ്യകൗൺസിൽ<br>കാലാവധി<br>▪ വർഷം മുഴുവൻ |




















# തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

സ്കൂൾ വിദ്യാഭ്യാസം ജീവിതായോധന പ്രവർത്തനങ്ങൾക്ക് ആത്മവിശ്വാസവും, അറിവും, കഴിവും നൈപുണിയും നൽകേണ്ടതാണ്. ഒരു രാജ്യത്തിന്റെ തൊഴിൽ ശേഷി ആ രാജ്യത്തിന്റെ അഭ്യസ്തവിദ്യരായ യുവതയാണ് ആത്മാഭിമാനത്തോടെ ഉൽപാദന പ്രക്രിയയിൽ പങ്കാളിയാകുന്ന വ്യക്തികളും കൂട്ടവുമാണ് വേണ്ടത് .അതിജീവനത്തിനായി അവരവരുടെ കഴിവിനെയും നൈപുണിയും സർഗാത്മകമായി പ്രയോജനപ്പെടുത്താൻ വേണ്ടതെല്ലാം സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി മാറേണ്ടതുണ്ട്.

സംരംഭങ്ങൾ ആവിഷ്കരിക്കുകയും തൊഴിൽ സൃഷ്ടിക്കുകയും ചെയ്യുന്ന നാടായി കേരളം മാറേണ്ടതുണ്ട്.അതിജീവന മെന്നതാണ് വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ ലക്ഷ്യം. വിദഗ്ധ മേഖലയിലും അവിദഗ്ധ മേഖലയിലും തൊഴിൽ ചെയ്യാൻ കഴിയുന്നവരുടെ എണ്ണം വർധിക്കേണ്ടതാണ്. തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസത്തിലൂടെ മാത്രമേ ഈ ലക്ഷ്യം പൂർത്തിയാക്കാൻ കഴിയൂ.



ബിഷപ്പ് ഹോഡ്ജസ്
ഹയർസെക്കണ്ടറി സ്കൂൾ
മാവേലിക്കര

# അക്കാദമിക
# മാസ്റ്റർ
# പ്ലാൻ
# 2025

# ഹൈസ്കൂൾ
## വിഭാഗം








## വിഷയം : തൊഴിലധിഷ്ഠിതവിദ്യാഭ്യാസം

### 1 തൊഴിലും കഴിവും

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ▪ വിവിധ തൊഴിൽ മേഖലകളെക്കുറിച്ച് അറിവ് നേടുന്നതിന്. . ഓരോ കുട്ടിയുടെയും<br>▪ ഇഷ്ട മേഖല കണ്ടെത്തുന്നതിന് | ▪ വ്യത്യസ്തമായ പ്രവർത്തനങ്ങളിലൂടെ ഓരോ കുട്ടിയുടെയും ശേഷിയും നൈപുണിയും കണ്ടെത്തുന്നു.<br>▪ ഓരോ നൈപുണിക്കും ശേഷിക്കും അനുയോജ്യമായ തൊഴിൽ ശാഖകൾ ബോധ്യപ്പെടുത്തുന്നു. | ▪ വർക്ക് കൗൺസിൽ | 2000രൂപ വർക്ക് കൗൺസിൽ<br>▪ കാലാവധി<br>വർഷം മുഴുവൻ |



## വിഷയം : തൊഴിലധിഷ്ഠിതവിദ്യാഭ്യാസം

### 2 തൊഴിൽ ഒരു സംസ്കാരം

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ▪ . തൊഴിൽ മനോഭാവം തൊഴിൽ ആഭിമുഖ്യം<br>▪ തൊഴിൽ നൈപുണി നിർമ്മാണ കഴിവ് എന്നിവ വികസിപ്പിക്കുന്നതിന് | ▪ കൃഷി വ്യവസായ മേഖലകൾ സന്ദർശിക്കുന്നു<br>▪ തൊഴിൽ സാധ്യതകൾക്ക് അനുയോജ്യമായ വിദഗ്ദ ക്ലാസുകൾ | ▪ വർക്ക് കൗൺസിൽ | 2000രൂപ വർക്ക് കൗൺസിൽ<br>കാലാവധി<br>▪ വർഷം മുഴുവൻ |



## വിഷയം : തൊഴിലധിഷ്ഠിതവിദ്യാഭ്യാസം

### 3 തൊഴിൽ വിജയകഥകൾ

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ▪ തൊഴിൽ മനോഭാവം<br>▪ തൊഴിൽ ആഭിമുഖ്യം<br>▪ തൊഴിൽ നൈപുണി നിർമ്മാണ കഴിവ് എന്നിവ വികസിപ്പിക്കുന്നതിന് | ▪ സ്വന്തം തൊഴിലിലൂടെ ജീവിതവിജയം നേടിയവരുടെ ജീവിതകഥകൾ കണ്ട് വായിച്ച് കേട്ട് പഠിക്കാൻ അവസരം നൽകുന്നു | ▪ വർക്ക് കൗൺസിൽ | 1000രൂപ വർക്ക് കൗൺസിൽ<br>കാലാവധി<br>▪ വർഷം മുഴുവൻ |







വിഷയം : തൊഴിലധിഷ്ഠിതവിദ്യാഭ്യാസം

## 4 ഐ .സി .ടി എന്ന വിസ്മയം

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ▪ തൊഴിൽ മനോഭാവം<br>▪ തൊഴിൽ ആഭിമുഖ്യം<br>▪ തൊഴിൽ നൈപുണി നിർമ്മാണ കഴിവ് എന്നിവ വികസിപ്പിക്കുന്നതിന് | ▪ ഐ സി ടി മേഖലയിൽ തൊഴിൽ സാധ്യതകൾ പരിചയപ്പെടുത്തുന്നു<br>▪ ഐ സി ടി നൈപുണി ഉള്ളവർക്ക് വിദഗ്ദ്ധ പരിശീലനം. | ▪ വർക്ക് കൗൺസിൽ | 2000രൂപ വർക്ക് കൗൺസിൽ<br>▪ കാലാവധി<br>വർഷം മുഴുവൻ |

വിഷയം : പാഴ്വസ്തുക്കളുടെ വിപണനസാധ്യതകൾ.

## 5 തൊഴിൽ ഒരു സംസ്കാരം

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ▪ . തൊഴിൽ മനോഭാവം<br>തൊഴിൽ ആഭിമുഖ്യം<br>▪ തൊഴിൽ നൈപുണി നിർമ്മാണ കഴിവ് എന്നിവ വികസിപ്പിക്കുന്നതിന് | ▪ വിദഗ്ദ്ധ പരിശീലനം | ▪ വർക്ക് കൗൺസിൽ | 2000രൂപ വർക്ക് കൗൺസിൽ<br>കാലാവധി<br>▪ വർഷം മുഴുവൻ |

വിഷയം : തൊഴിലധിഷ്ഠിതവിദ്യാഭ്യാസം

## 6 കരിയർഗൈഡൻസ്

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സംഘാടനം | സാമ്പത്തികം |
|---|---|---|---|
| ▪ തൊഴിൽ മനോഭാവം<br>▪ തൊഴിൽ ആഭിമുഖ്യം<br>▪ തൊഴിൽ നൈപുണി നിർമ്മാണ കഴിവ് എന്നിവ വികസിപ്പിക്കുന്നതിന് | ▪ വിദഗ്ദ്ധ പരിശീലനം | ▪ വർക്ക് കൗൺസിൽ | 1000രൂപ വർക്ക് കൗൺസിൽ<br>കാലാവധി<br>▪ വർഷം മുഴുവൻ |



# ഉൾച്ചേർന്ന വിദ്യാഭ്യാസം

കഴിവുകൾ സാഹചര്യങ്ങൾ എന്നിവയുടെ കാര്യത്തിൽ കുട്ടികൾ വ്യത്യസ്തരാണ്. അവരുടെ പഠനാഭിമുഖ്യം പഠനക്ഷമത പ്രക്രിയകൾ തുടങ്ങിയ നിരവധി കാര്യങ്ങൾ സ്വാധീനിക്കുന്നു. സാമൂഹ്യ സാംസ്കാരിക വൈകാരിക ഘടകങ്ങൾ കൂടി പരിഗണിച്ചാൽ മാത്രമേ വിദ്യാഭ്യാസത്തിന് ഉതകുന്ന സാമൂഹ്യപ്രക്രിയയാൽഅവർ ഉൾച്ചേർക്കപ്പെടുന്നുള്ളൂ. ഏറ്റവും ദുർബലരായവരുടെ ശേഷി വികാസം കൂടി സാധ്യമാകുമ്പോഴാണ് ശരിയായ സാമൂഹ്യപുരോഗതി കൈവരിക്കാനാകൂ.

**ആകെ കുട്ടികൾ 23**

**റാമ്പ് 2**

**ടോയ്‌ലറ്റ് 1**

# വാർഷിക പ്രവർത്തനകലണ്ടർ 2025

**JUNE 2025**

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 8 | 9 | 10 | 11 | 12 | 13 | 14 |
| 15 | 16 | 17 | 18 | 19 | 20 | 21 |
| 22 | 23 | 24 | 25 | 26 | 27 | 28 |
| 29 | 30 | | | | | |

**5** പരിസ്ഥിതി ദിനം

കരുതാം പ്രകൃതിയെ ഹരിത ക്യാമ്പസ്

വൃക്ഷത്തൈ നടൽ പച്ചക്കറി കൃഷി പോസ്റ്റർ

പരിസ്ഥിതി ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ്, സാമൂഹ്യശാസ്ത്ര ക്ലബ്ബ്

**5** മുതൽ **13**

ബ്രിഡ്ജ് കോഴ്സ് , സുംബാ ഡാൻസ്

**12** ലോക ബാലവേല വിരുദ്ധ ദിനം

കുട്ടിയും അവകാശങ്ങളും പഠന ക്ലാസ്

സാമൂഹ്യശാസ്ത്ര ക്ലബ്ബ്

**19** വായനദിനം

എന്റെ അക്ഷരക്കൂട്ടുകാർ

വിവിധ ക്ലബ്ബുകൾ

**JULY 2025**

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 |
| 6 | 7 | 8 | 9 | 10 | 11 | 12 |
| 13 | 14 | 15 | 16 | 17 | 18 | 19 |
| 20 | 21 | 22 | 23 | 24 | 25 | 26 |
| 27 | 28 | 29 | 30 | 31 | | |

**5** ബഷീർ ദിനം

ആസ്വാദനക്കുറിപ്പ് ബഷീർ കൃതികളുടെ വായന

മലയാളം ക്ലബ്ബ്

**21** ചാന്ദ്രദിനം

ബഹിരാകാശ കുറിപ്പുകൾ

സാമൂഹ്യശാസ്ത്ര ക്ലബ്ബ്

**31** പ്രേംചന്ദ് ജയന്തി

ചലച്ചിത്രപ്രദർശനം, ആശംസ കാർഡ് നിർമ്മാണം

ജീവിതരേഖ നിർമ്മാണം, പ്രസംഗം

ഹിന്ദി ക്ലബ്ബ്

**AUGUST 2025**

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | | 1 | 2 |
| 3 | 4 | 5 | 6 | 7 | 8 | 9 |
| 10 | 11 | 12 | 13 | 14 | 15 | 16 |
| 17 | 18 | 19 | 20 | 21 | 22 | 23 |
| 24 | 25 | 26 | 27 | 28 | 29 | 30 |
| 31 | | | | | | |

**15** സ്വാതന്ത്ര്യ ദിനം

ഇന്ത്യൻ സ്വാതന്ത്ര്യസമരം ഡോക്യുമെന്ററി പ്രദർശനം

സ്വതന്ത്ര ഇന്ത്യ ചിത്രപ്രദർശനം

സ്വാതന്ത്ര്യസമര പ്രശ്നോത്തരി മത്സരം

സാമൂഹ്യശാസ്ത്ര ക്ലബ്ബ്

**21** വ്യാകരണ ദിനം

വ്യാകരണം ശരിയും തെറ്റും

മലയാളം ക്ലബ്ബ്

# വാർഷിക പ്രവർത്തനകലണ്ടർ 2025

## SEPTEMBER 2025

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | 29 | 30 | | | | |

**8** അന്താരാഷ്ട്ര ശാസ്ത്ര ദിനം
സാക്ഷരതാ ദിനം കയ്യെഴുത്ത് മാസിക തയ്യാറാക്കൽ
ഇംഗ്ലീഷ് മാഗസിൻ
ശാസ്ത്രക്ലബ്ബ്

**15** ലോക ജനാധിപത്യ ദിനം
ജനാധിപത്യത്തിന്റെ നാൾവഴികൾ
പ്രബന്ധരചന മത്സരം
സാമൂഹ്യശാസ്ത്ര ക്ലബ്ബ്

സ്കൂൾകലോത്സവം — ആർട്സ്ക്ലബ്ബ്
സ്കൂൾശാസ്ത്രമേള
സ്കൂൾകായികമേള — കായികക്ലബ്ബ്

## OCTOBER 2025

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | 1 | 2 | 3 | 4 |
| 5 | 6 | 7 | 8 | 9 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | 29 | 30 | 31 | |

**10** ദേശീയ തപാൽ ദിനം
സ്റ്റാമ്പ് ശേഖരണം ഇന്ത്യൻ തപാൽ സംവിധാനം
സാമൂഹ്യശാസ്ത്ര ക്ലബ്ബ്

**17** ഡിബേറ്റ് ആൻഡ് പബ്ലിക് സ്പീക്കിംഗ് ഡേ
പ്രഭാഷ കല അർത്ഥവും വ്യാപ്തിയും
വിവിധക്ലബ്ബുകൾ

**24** ഐക്യരാഷ്ട്ര ദിനം
ഐക്യരാഷ്ട്ര സംഘടനയും
വർത്തമാനകാല ലോകവും ഡിബേറ്റ്
സാമൂഹ്യശാസ്ത്ര ക്ലബ്ബ്

## NOVEMBER 2025

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | | | 1 |
| 2 | 3 | 4 | 5 | 6 | 7 | 8 |
| 9 | 10 | 11 | 12 | 13 | 14 | 15 |
| 16 | 17 | 18 | 19 | 20 | 21 | 22 |
| 23 | 24 | 25 | 26 | 27 | 28 | 29 |
| 30 | | | | | | |

**1** കേരളപ്പിറവി ദിനം
മണമൂറും മലയാളം
മലയാള നാടിന്റെ ചരിത്രം
സാംസ്കാരിക പെരുമ മുന്നേറ്റ ചരിത്രം
സാമൂഹ്യശാസ്ത്ര ക്ലബ്ബ്

**14** ക്രിയേറ്റീവ് റൈറ്റിംഗ് ഡേ
പതിപ്പ് നിർമ്മാണം
എഴുത്തിന്റെ മാർഗ്ഗങ്ങൾ
ഇംഗ്ലീഷ്ക്ലബ്ബ്

**19** ദേശീയോദ്ഗ്രഥ ദിനം
നാം ഒന്നാണ് ദേശഭക്തിഗാനാവതരണം
സാമൂഹ്യശാസ്ത്ര ക്ലബ്ബ്

# വാർഷിക പ്രവർത്തനകലണ്ടർ 2025

**ജൂൺ 5 പരിസ്ഥിതി ദിനം**

വൃക്ഷത്തൈ നടീൽ

കുട്ടികൾ വീടുകളിൽ / പരിസരങ്ങളിൽ വൃക്ഷത്തൈ നട്ട് സംരക്ഷിക്കു

**ജൂലൈ 28 ലോകപ്രകൃതി സംരക്ഷണ ദിനം**

പോസ്റ്റർ നിർമ്മാണം

പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ട പോസ്റ്റർ തയ്യാറാക്കി ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു.

**ആഗസ്റ്റ് 17 കർഷക ദിനം**

നാടൻകാർഷിക വിളകൾ – പ്രദർശനം

നാടൻകാർഷിക വിളകൾ അവയുടെ ഉല്പന്നങ്ങൾ എന്നിവയുടെ പ്രദർശനം സ്കൂൾ തലത്തിൽ സംഘടിപ്പിക്കുന്നു.

**സെപ്റ്റംബർ 16 ഓസോൺ ദിനം**

ഓസോണിനായ് ഒരു ദിനം

കൂടുതൽ ഓക്സിജൻ പുറത്തേക്കു വിടുന്ന സസ്യങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി തൈകൾ സംഘടിപ്പിച്ച് വിവിധ ഓഫീസുകൾക്ക് നൽകുന്നു.

**സെപ്റ്റംബർ 29 ലോക ഹൃദയദിനം**

ഹൃദയം സുരക്ഷിതമാക്കാം – ഡോക്യുമെന്ററി പ്രദർശനം

ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ സഹായത്തോടെ ഡോക്യുമെന്ററി തയ്യാറാക്കി ഓരോ ക്ലാസ്സിലും പ്രദർശിപ്പിക്കുന്നു.

**ഒക്ടോബർ 16 ലോക ഭക്ഷ്യദിനം**

Food Fest വിവിധ ഭക്ഷണങ്ങളുടെ പ്രദർശനവും വില്പനയും

**നവംബർ 12 ദേശീയ പക്ഷി നിരീക്ഷണ ദിനം**

ആൽബം പ്രകാശനം

ചുറ്റുപാടുകളിൽ കാണപ്പെടുന്ന പക്ഷികളെ നിരീക്ഷിച്ച് രേഖപെടുത്തിയ വിവരണങ്ങൾ, ചിത്രങ്ങൾ, തൂവലുകൾ തുടങ്ങിയവ അടങ്ങിയ ആൽബം തയ്യാറാക്കുന്നു.

ഓരോ കുട്ടികൾക്കും ആൽബ നിർമ്മാണത്തിൽ പങ്കാളികളാവാൻ അവസരം നൽകുന്നു.

**നവംബർ 14 ലോക പ്രമേഹ ദിനം**

ബോധവൽക്കരണ ക്ലാസ്സ്

പ്രമേഹം ഉണ്ടാകുന്നതെങ്ങനെ, വരാതിരിക്കാനുള്ള മുൻകരുതൽ, വന്നാൽ സ്വീകരിക്കേണ്ട നടപടികൾ തുടങ്ങിയവ വ്യക്തമാക്കുന്ന ക്ലാസ്സ് കുട്ടികൾ തന്നെ നൽകുന്നു.

**ഡിസംബർ 1 എയ്ഡ്സ് ദിനം.**

എയ്ഡ്സ് സുരക്ഷ ബോധവൽക്കരണ വീഡിയോ

വീഡിയോ പ്രദർശനം എല്ലാ ക്ലാസ്സുകളിലും നടത്തുന്നു. റെഡ് റിബൺ നിർമ്മിച്ച് ധരിക്കുന്നു.

**ഡിസംബർ 14 ഊർജ്ജ സംരക്ഷണ ദിനം**

ചാർട്ട് പ്രദർശനം

വീടുകളിൽ വൈദ്യുതി ലാഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തി പോസ്റ്റർ തയ്യാറാക്കിക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു.

**ഫെബ്രുവരി 2 ലോക തണ്ണീർ തടദിനം**

നദി പഠനം

അച്ചൻകോവിലാർ സന്ദർശിച്ച് പഠനം നടത്തി നദിമലിനപ്പെടുന്നതെങ്ങനെയെന്നും, മലിനീകരണം തടയുന്നതിനുള്ള മാർഗ്ഗങ്ങൾ ഏതെന്നും കണ്ടെത്തുന്നു ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നു.

**ഫെബ്രുവരി 14 ലോക അർബുദ ദിനം**

അതിജീവിക്കാം അർബുദത്തെ – ഡോക്യുമെന്ററി കാൻസർ രോഗത്തെ കുറിച്ച് അവബോധം വളർത്തുന്നതിനുതകുന്ന ഡോക്യുമെന്ററി ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ സഹായത്തോടെ നിർമ്മിച്ച് എല്ലാ ക്ലാസ്സുകളിലും പ്രദർശിപ്പിക്കുന്നു..

# അക്കാദമിക
# മാസ്റ്റർപ്ലാൻ കമ്മറ്റി



ഐസക് ഡാനിയേൽ (കൺവീനർ )

ജിജി കെ

സാറാമ്മ പി ജോഷ്വ

ജീന റേയ്ച്ചൽ ജോൺ

സിനി കെ

അനു എലൈനി എബ്രഹാം

അന്നു എൽസമ്മ മാത്യു

ബെറ്റി ഡാനിയേൽ

സ്നേഹ ജോർജ്

എമിലി ചാക്കോ

ജോജി പി എബ്രഹാം

സുധാമോൾ വി എം













# അക്കാദമിക്ക് മാസ്റ്റർപ്ലാൻ 2025



# പ്രകാശനം

## 2025 ആഗസ്റ്റ് 6



# നന്ദിപൂർവ്വം

മറ്റു ജീവികളെ പോലെ മനുഷ്യർ അവരുടെ ജീവശാസ്ത്രപരമായ ജന്മസവിശേഷതകളാൽ പരിമിതപ്പെടുന്നില്ല .സാമൂഹ്യജീവിയായ മനുഷ്യൻ സാമൂഹിക ഇടപെടലുകളിലൂടെയാണ് പഠനം നടത്തുന്നത്. മുൻതലമുറ രൂപപ്പെടുത്തിയ സാമൂഹിക പരിസ്ഥിതിയിലേക്കാണ് മനുഷ്യൻ ജനിക്കുന്നത്. സാമൂഹിക ബന്ധങ്ങൾ സാംസ്കാരിക പാരമ്പര്യങ്ങൾ , ചരിത്രം, ഭാഷ ഇവ മനുഷ്യനെ ഭൗതികമായി ഉയർത്തുന്നു. വ്യക്തി സമൂഹത്തെയും ,സമൂഹം വ്യക്തിയെയും സൃഷ്ടിക്കുകയും പുനസൃഷ്ടിയും ചെയ്യുന്നു എന്നതാണ് ശരി. കുട്ടിയും കുട്ടിയും ,അധ്യാപകനും കുട്ടിയും ,കുട്ടിയും സമൂഹവും തമ്മിലുള്ള സംവാദങ്ങളെ പരിപോഷിപ്പിക്കുന്ന തരത്തിലാകണം പഠന രീതി. ആർജ്ജിത ജ്ഞാനത്തിന്റെ അടിത്തറയിൽ പുതിയ ആശയങ്ങളും ധാരണകളും പഠിതാവ് സ്വയം രൂപപ്പെടുത്തുന്നു. സഹകരണാത്മക പഠനവും സഹവർത്തിത പഠനവും വിമർശനാത്മക പഠനവും ഇന്ന് ഏറെ പ്രാധാന്യമർഹിക്കുന്നു. പുതിയ ആശയങ്ങളും ധാരണകളും പഠിതാവ് സ്വയം രൂപപ്പെടുത്തുന്നു. വിദ്യാഭ്യാസമേഖല ഏറെ മുന്നേറ്റം നടത്തിയ പ്രദേശമാണ് കേരളം 2025ൽ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ലക്ഷ്യം വെച്ചുകൊണ്ട് ഈ മേഖലയിൽ അക്കാദമിക രംഗത്ത് ഏറെ പുരോഗമന ആശയങ്ങൾ നടപ്പിലാക്കി വരുന്നു.
ഈ ഘട്ടത്തിലാണ് മാവേലിക്കരയിൽ രണ്ട് നൂറ്റാണ്ടിന്റെ പൈതൃകവുമായി നിലകൊള്ളുന്ന ബിഷപ്പ് ഹോഡ്ജസ് ഹയർസെക്കൻഡറി സ്കൂൾ അക്കാദമിക രംഗത്ത് കൃത്യമായ ആസൂത്രണത്തിലൂടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് നൽകാൻ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. ഇതിന്റെ രൂപഘടനയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.
ഈ ദൗത്യം പൂർത്തിയാക്കാൻ സഹായിച്ചവർ ഏറെയാണ്.
ഹെഡ്മാസ്റ്റർ ശ്രീ.ജേക്കബ് സി ജോൺ ,സ്റ്റാഫ് സെക്രട്ടറി ശ്രീമതി. മിനി വർഗീസ് അക്കാദമിക് മാസ്റ്റർപ്ലാൻ സമിതി അംഗങ്ങൾ , എസ്ആർജി കൺവീനേഴ്സ് ശ്രീമതി ജിജി.കെ ,ശ്രീമതി.സിനി. കെ, മറ്റ് അധ്യാപകർ ടൈപ്പ് ചെയ്ത് സഹായിച്ച അധ്യാപികമാരായ ഏമിലി ചാക്കോ , ശ്രീമതി ജോജി പി എബ്രഹാം , ലിറ്റിൽകൈറ്റ്സ് കൺവീനർ ശ്രീമതി ജോളി മേരി , ലിറ്റിൽകൈറ്റ്സ് കുട്ടികൾ എല്ലാവരോടും നന്ദി .

എന്ന്

**ഐസക് ഡാനിയേൽ**
**കൺവീനർ**







## ബിഷപ്പ് ഹോഡ്ജസ് ഹയർസെക്കണ്ടറി സ്കൂൾ മാവേലിക്കര

സാമൂഹ്യപരിഷ്കരണത്തിന്റെ ഭാഗമായാണ് റവ.ജോസഫ്പീറ്റ് വിദ്യാലയങ്ങൾ സ്ഥാപിച്ചത്. സ്കൂളിൽ വ്യത്യസ്ത ജാതിയിൽപ്പെട്ട കുട്ടികൾക്ക് വ്യത്യസ്ത മുറികൾ എന്നതിനെ അദ്ദേഹം എതിർത്തു . എല്ലാ കുട്ടികളും ഒരുമിച്ചിരുന്ന് പഠിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു.

കേരളത്തിൽ സ്കൂൾ വിദ്യാഭ്യാസ നിലവാരത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ നടന്നു വരുന്നു ഭൗതിക മേഖലയിൽ ഉണ്ടായ മാറ്റങ്ങൾ നമുക്ക് അഭിമാനകരമാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ മൊത്തത്തിലുള്ള ഗുണനിലവാരം മെച്ചപ്പെടുത്തിയിട്ടുണ്ടെങ്കിലും, അക്കാദമിക് മികവും ഗുണനിലവാരവും കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. സമഗ്രഗുണമേന്മ പദ്ധതി ഇതു ലക്ഷ്യം വയ്ക്കുന്നു. പൊതുവിദ്യാഭ്യാസമേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ഓരോവിദ്യാലയത്തേയും മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തേണ്ടതുണ്ട്.

ഒരു വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചക്ക് വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ അക്കാദമിക് മാസ്റ്റർപ്ലാൻ ഓരോ വിദ്യാലയത്തിലെയും അക്കാദമിക് ആസൂത്രണത്തിനും സ്വയം സജ്ജമാകാനും സഹായകമായ ആസൂത്രണരേഖയാണ്.

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025

# ACADEMIC MASTER PLAN 2025

isec

